# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 23 | ലക്കം 13 | പേജ് 6 | 2017 മെയ് 1



2 ധ്യാനപംക്തി

2 ആണ്ടിലക്ഷനും വേട്ടു കുമ്പസാരവും

4 മലങ്കരസഭാചരിത്രാവലോകനം

5 നിങ്ങൾക്കു സമാധാനം


## മലങ്കര ഓർത്തഡോക്സ് സഭാ വർക്കിംഗ് കമ്മിറ്റി പുനസംഘടിപ്പിച്ചു

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ വർക്കിംഗ് കമ്മിറ്റി പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പുനസംഘടിപ്പിച്ചു. സമിതി അംഗങ്ങളായി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (സുന്നഹദോസ് പ്രതിനിധി), ഡോ. സഖറിയാസ് മാർ അപ്രേം (എക്സ് ഒഫീഷ്യോ), ഫാ.ഡോ.എം.ഒ.ജോൺ (വൈദിക ട്രസ്റ്റി), ഡോ.ജോർജ് പോൾ (അത്മായട്രസ്റ്റി) അഡ്വ.ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി), വെരി.റവ.വർഗീസ് പുന്നക്കൊമ്പിൽ കോർഎപ്പിസ്കോപ്പാ, ഫാ.അലക്സാണ്ടർ ഏബ്രഹാം കരുവേലിൽ, വർക്കി ജോൺ മാമ്മൂട്ടിൽ, ജോർജ് മത്തായി നൂറനാൽ, പ്രൊഫ.ജേക്കബ് കുര്യൻ ഓണാട്ട് എന്നിവരെയാണ് പ.ബാവാ നിയമിച്ചിരിക്കുന്നത്.

## ഓർഡർ ഓഫ് സെന്റ് ജോർജ് പുരസ്ക്കാരം സമ്മാനിച്ചു

പുതുപ്പള്ളി : നാനാജാതി മതസ്ഥർ ഒത്തുചേരുന്ന പുതുപ്പള്ളി പള്ളിയുടെ പാരമ്പര്യവും സാംസ്ക്കാരികതയും നാടിനു ഹൃദ്യമായ അനുഭവമാണെന്നു മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി പെരുന്നാളിനോടനുബന്ധിച്ചുള്ള സാംസ്ക്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് അദ്ധ്യക്ഷത വഹിച്ചു. ഓർഡർ ഓഫ് സെന്റ് ജോർജ് പുരസ്ക്കാരം വികെഎൽ ഹോൾഡിംഗ് ആന്റ് അൽ നമാൽ ഗ്രൂപ്പ് ചെയർമാൻ ഡോ. വർഗീസ് കുര്യന് സമർപ്പിച്ചു. ജോർജിയൻ ചാരിറ്റി അവാർഡ് സിസ്റ്റർ ലൂസി കുര്യന് നൽകി.

ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ, അത്മായട്രസ്റ്റി ഡോ.ജോർജ് പോൾ, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ജോർജിയൻ പബ്ലിക്ക് സ്ക്കൂൾ പ്രോസ്പക്ടസ് പ്രകാശനം, പുതുതായി നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽദാനം എന്നിവ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് നിർവ്വഹിച്ചു.

ചലചിത്രതാരം ഫഹദ് ഫാസിൽ ചിത്രരചനാ മത്സരവിജയികൾക്ക് സമ്മാനം നൽകി.

## പുതുപ്പള്ളി, ചന്ദനപ്പള്ളി, മൈലപ്ര പള്ളികളിൽ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ



കോട്ടയം : ആഗോള തീർത്ഥാടന കേന്ദ്രങ്ങളായ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലും ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലും വിവിധ പരിപാടികളോടുകൂടി വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നു.

പുതുപ്പള്ളി പള്ളിപെരുന്നാളിന് ഏപ്രിൽ 28 കൊടിയേറി. മെയ് 7,8 തീയതികളിലാണ് പ്രധാന പെരുന്നാൾ. ധ്യാനം, പൊതുസമ്മേളനം, മർത്തമറിയം സമാജം ഭദ്രാസന സമ്മേളനം, വചനപ്രഘോഷണം, അഖണ്ഡ പ്രാർത്ഥന, ചിത്രരചനാ മത്സരം, ഇടവകദിനാചരണം, സാംസ്ക്കാരിക സമ്മേളനം, മദ്ബഹായിൽ പൊന്നിൻകുരിശ് സ്ഥാപിക്കൽ, വെച്ചൂട്ട് പ്രദക്ഷിണം, നേർച്ച വിളമ്പ് തുടങ്ങിയവ ഉണ്ടായിരിക്കും.

മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ പെരുന്നാൾ ഏപ്രിൽ 23 മുതൽ മെയ് 7 വരെ വിപുലമായ പരിപാടികളോടുകൂടി നടക്കും. സന്ധ്യാപ്രാർത്ഥന, വിവിധ കുരിശടികളിൽ ധൂപപ്രാർത്ഥന, പ്രസംഗം, പ്രദക്ഷിണം, വനിതാസംഗമം, ചെമ്പിൽ അരിയിടീൽ കർമ്മം, വെച്ചൂട്ട്, സെമിത്തേരിയിൽ അനുസ്മരണ പ്രാർത്ഥന, ഭക്തിനിർഭരമായ റാസ, പൊതുസമ്മേളനം തുടങ്ങിയവ പ്രധാന പരിപാടികളാ

(ശേഷം പേജ് 2-ൽ)

## മലങ്കരസഭ ചരിത്രാവലോകനം

ഫാ.ഡോ.എം.ഒ.ജോൺ

### ആമുഖം

മലങ്കസഭയുടെ ആരംഭം മുതൽ ഇന്നയോളമുള്ള ചരിത്രത്തിലെ ചില നിർണ്ണായക സംഭവങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിൽനിന്നുകൊണ്ട് പിറകോട്ട് നോക്കിയും വസ്തുനിഷ്ഠമായും അപഗ്രഥിക്കുവാനുള്ള ശ്രമമാണ് ഈ ലേഖനം.

ഭാരതത്തിലെ അതിപുരാതനസഭാംഗങ്ങളാണ് മാർത്തോമ്മാ ക്രിസ്ത്യാനി കളെന്നും മലങ്കരനസ്രാണി കൾ എന്നും മറ്റും ചരിത്രരേഖകളിൽ വിശേഷിപ്പിച്ചു വരുന്ന മലങ്കരയിലെ ക്രിസ്ത്യാനികൾ. ലോകത്തിലുള്ള ഏതൊരു പുരാതനസഭയേയുംപോലെ പൗരാണികതയും അപ്പോസ്തോലികതയും തനതായ ദേശീയതയും സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നത പശ്ചാത്തലവും മലങ്കരസഭയ്ക്കുമുണ്ട്. ഇവ ഈ സഭയുടെ ജന്മാവകാശവും അഭിമാനവുമാണ്.

മലങ്കരസഭ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമാണ്. എ.ഡി.52-ൽ മാർത്തോമ്മാ ശ്ലീഹാ ഇന്നാട്ടിൽ വന്ന് സുവിശേഷം അറിയിച്ച് ക്രിസ്തുമതം സ്ഥാപിച്ചുവെന്നും കൊടുങ്ങല്ലൂർ, പാലൂർ, പറവൂർ, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ എന്നീ ഏഴിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചുവെന്നും ഇവയുടെ ചുമതലകൾ അദ്ദേഹം ക്രിസ്ത്യാനികളാക്കിയ നാലു ബ്രാഹ്മണ കുടുംബങ്ങളിൽനിന്നുള്ളവർക്ക് നൽകിയെന്നും ആണ് കേരളത്തിലെ ക്രൈസ്തവരുടെ പുരാതന പാരമ്പര്യം. തങ്ങളുടെ പൂർവ്വീകർ ഈ നാലു കുടുംബങ്ങളിൽനിന്നുള്ളവരാണെന്ന് മലങ്കരസഭാംഗങ്ങളിൽ മഹാഭൂരിപക്ഷവും വിശ്വസിക്കുന്നു. ഈ പാരമ്പര്യത്തിനു പിന്തുണ നൽകുന്ന ഒട്ടേറെ തെളിവുകൾ ലഭ്യമാണ്.

ഒന്നാം നൂറ്റാണ്ടുമുതൽ ആരംഭിച്ച് ഇന്നുവരെയും നിലനിൽക്കുന്ന മലങ്കര നസ്രാണികളുടെ കേരളത്തിലെ സജീവ സാന്നിദ്ധ്യവും ചരിത്രത്തിലുള്ള സ്ഥാനവും അവരുടെ ഉത്ഭവവും മറ്റും സംബന്ധിച്ച് അവരുടെ ഇടയിലും അവർക്ക് ചുറ്റുമുള്ളവരുടെ ഇടയിലുമുള്ള പ്രബലമായ പാരമ്പര്യങ്ങളുമാണ് ഒന്നാം നൂറ്റാണ്ടുമുതൽ കേരളത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതിന്റെ ഏറ്റവും പ്രധാന തെളിവ്. മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ സുവിശേഷമറിയിച്ചതിനു ശേഷം മൈലാപ്പൂരിൽ സാക്ഷിമരണം പ്രാപിച്ച് അവിടെ കബറടങ്ങിയിരിക്കുന്നു എന്ന പ്രബലമായ സാക്ഷ്യം പുരാതനകാലം മുതലെ ഇന്നാട്ടിൽ നിലനിൽക്കുന്നുണ്ട്.

മാർത്തോമ്മാ ശ്ലീഹാ ഇന്നാട്ടിൽ വന്നുവെന്നും സഭ സ്ഥാപിച്ചുവെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽതന്നെ സമർത്ഥിക്കുവാൻ സാധിക്കും. ക്രിസ്തുവിന്റെ കാലത്തെ കേരളവും മദ്ധ്യപൂർവ്വ ദേശങ്ങളുമായി സജീവ വ്യാപാരബന്ധമുണ്ടായിരുന്നു. അവിടെനിന്നു വന്നിരുന്ന കപ്പൽ മാർഗ്ഗമോ ഇതര വാണിജ്യമാർഗ്ഗങ്ങളിലൂടെയോ മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നിരിക്കാം. മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ സുവിശേഷമറിയിച്ചുവെന്നും സഭ സ്ഥാപിച്ചുവെന്നും രണ്ടും മൂന്നും നൂറ്റാണ്ടുകൾ മുതൽ എഴുതിയിട്ടുള്ള പല ഗ്രീക്ക് സുറിയാനി ഗ്രന്ഥങ്ങളടിസ്ഥാനമാക്കിയും പിതാക്കന്മാരുടെ രചനകൾ അടിസ്ഥാനമാക്കിയും വളരെ വ്യക്തമായി തെളിയിക്കാം. അതിലുപരി ഒന്നാം നൂറ്റാണ്ടിൽ കേരളത്തിലുടനീളം യഹൂദന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നതായും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഇതും മാർത്തോമ്മാ ശ്ലീഹായുടെ ഇവിടേക്കുള്ള ആഗമനത്തിന് കളമൊരുക്കിയിരിക്കാം.

### റോമാക്കാർ വരുന്നതിനു മുമ്പ്

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച സഭ കേരളത്തിലെ സാമൂഹ്യ സാംസ്ക്കാരിക പശ്ചാത്തലത്തിൽ വളർന്നു വികസിച്ചു. നാലാം നൂറ്റാണ്ട് മുതലെങ്കിലും കേരളത്തിലെ സഭ പേർഷ്യൻ (പൗരസ്ത്യ സുറിയാനി അഥവാ കൽദായ) സഭയുമായുള്ള ബന്ധത്തിൽ പ്രവേശിച്ചിരുന്നിരിക്കാം. പേർഷ്യൻസഭ എന്നു പറയുന്നത് പുരാതന പേർഷ്യ സാമ്രാജ്യത്തിൽ അതായത് ഇന്നത്തെ ഇറാൻ, ഇറാഖ് തുടങ്ങിയ ഭൂപ്രദേശങ്ങളിൽ ഉണ്ടായിരുന്ന സഭയാണ്. ക്രിസ്തുമതത്തിന്റെ ആരംഭകാലം മുതൽ പേർഷ്യൻ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച പുരാതന സഭയാണ് പേർഷ്യൻസഭ. ആ സഭയ്ക്ക് റോമാ സാമ്രാജ്യത്തിലുണ്ടായിരുന്ന അന്ത്യോഖ്യൻ സഭയുമായോ മറ്റേതെങ്കിലും സഭയുമായോ ഒരു ബന്ധവും ഉണ്ടായിരുന്നില്ല. റോമാ സാമ്രാജ്യത്തിലെ ഏതെങ്കിലും സഭാ തലവന്റെ കീഴിൽ ഒരിക്കലും പേർഷ്യൻസഭ വന്നിട്ടുമില്ല. പതിനാറാം നൂറ്റാണ്ടുവരെ കേരളത്തിലെ സഭ കൽദായ (പേർഷ്യൻ) സഭാബന്ധം നിലനിർത്തിയിരുന്നുവെന്ന് ചരിത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പറയുവാൻ സാധിക്കും. പതിനാറാം നൂറ്റാണ്ടുവരെ ഇവിടെയുണ്ടായിരുന്ന സഭയെക്കുറിച്ച് പ്രധാനമായും താഴെപറയുന്ന 8 കാര്യങ്ങൾ എടുത്തുപറയുവാൻ സാധിക്കും. 16-ാം നൂറ്റാണ്ടുമുതൽ മലങ്കരസഭയിൽ പ്രവർത്തിച്ച പോർട്ടുഗീസുകാരും ഇക്കാര്യങ്ങളെല്ലാം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

1. മാർത്തോമ്മാ ശ്ലീഹായാണ് സഭാസ്ഥാപകനെന്ന് കേരളത്തിലെ ക്രൈസ്തവർ വിശ്വസിച്ചിരുന്നു. മാർത്തോമ്മാ ശ്ലീഹാ മൈലാപ്പൂരിൽ സാക്ഷ്യമരണം പ്രാപിച്ചുവെന്നും അദ്ദേഹത്തെ അവിടെ കബറടക്കിയെന്നും കേരളത്തിലെ ക്രിസ്ത്യാനികൾ വിശ്വസിച്ചുപോന്നു.

2. കാലാകാലങ്ങളിൽ പേർഷ്യയിൽനിന്ന് (കിഴക്കൻ സുറിയാനി സഭയിൽനിന്ന്) ബിഷപ്പന്മാർ ഇവിടെ വന്നുകൊണ്ടിരുന്നു. അവരായിരുന്നു മലങ്കരസഭയ്ക്ക് ആവശ്യമുണ്ടായിരുന്ന പുരോഹിതന്മാർക്ക് പട്ടം കൊടുത്തിരുന്നത്. ഇന്ത്യാക്കാരാരും മഹാപുരോഹിത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരുന്നില്ല. അങ്ങനെയൊരാവശ്യം ആർക്കും ഉണ്ടായിരുന്നതായും തോന്നുന്നില്ല. പേർഷ്യൻ സഭയുമായി മലങ്കരസഭ

(ശേഷം പേജ് 4-ൽ)

## ധ്യാനപീഠം

ഫാ.ജോൺ സ്ലീബാ,
മുഖത്തല

**മെയ് 14**

കാഴ്ച എന്നത് വേദപുസ്തകത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ദൈവീക സംഗതിയത്രെ. ഇന്നത്തെ വേദഭാഗത്തിൽ നാം കാണുന്നു (24:30) അവരുമായി ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അപ്പമെടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്ക് കൊടുത്തു. ഉടനെ അവരുടെ കണ്ണുതുറന്നു. അവർ അവനെ അറിഞ്ഞു. ഉൽപത്തി പുസ്തകത്തിലേക്ക് നാം തിരികെ ചെല്ലുമ്പോൾ ഉൽപ്പത്തി 3:7 ഉടനെ ഇരുവരുടെയും കണ്ണു തുറന്നു. തങ്ങൾ നഗ്നരെന്ന് അറിഞ്ഞു. ഈ ആദിമനുഷ്യരുടെ ജീവിതത്തിൽ കാണുന്നത് പുറംകണ്ണ് തുറന്ന് അവരെ കാണുവാനായി തുടങ്ങുന്നു. ഒരുപക്ഷെ ഇന്നത്തെ സെൽഫിയുടെ ആദ്യരൂപം ഇതായിരിക്കും. എന്നാൽ ഇന്നത്തെ വേദഭാഗം നമുക്ക് നൽകുന്ന ഏദനിലേക്ക് തിരികെ ചെല്ലാനുള്ള കണ്ണുതുറപ്പിക്കയാണ്. അതായത് ക്രിസ്തുവിനെ അറിയുന്നതിലൂടെ ഏദനിലേക്ക് മടങ്ങിചെല്ലാൻ കഴിയുന്നു.

### ആന്തരീയ കണ്ണുകൾ തുറക്കുവാനായി പ്രാർത്ഥിക്കുക

മഹാത്മാഗാന്ധി പറയുന്നു കാഴ്ചയില്ലാത്തവർ അന്ധരല്ല. തന്റെ കുറ്റങ്ങളും കുറവുകളും മനസ്സിലാക്കാത്തവരാണ് വാസ്തവത്തിൽ അന്ധർ. ഈ വാചകം നമുക്ക് നൽകുന്ന പാഠം നമ്മുടെ കുറവുകൾ, പാപം, തെറ്റുകൾ തിരിച്ചറിയുക എന്നതാണ്. ആദാ

## പുതുഞായറാഴ്ചയ്ക്കുശേഷം മൂന്നാം ഞായറാഴ്ച

മിനെക്കുറിച്ചുള്ള യഹൂദപാരമ്പര്യം ആദം പാപം ചെയ്യുന്നതിനു മുമ്പുള്ള അവസ്ഥ വളരെ ശ്രദ്ധേയമാണ്. ശരീരത്തിന്റെ ആകൃതി, തേജസ്സ്, കാഴ്ച എന്നിവ പാപത്തിലൂടെ കുറഞ്ഞ് പോകുന്നു. പുതിയ നിയമം അവതാരത്തിലൂടെ ക്രിസ്തു പിറവിയിലെ കുരുടന് കാഴ്ച കൊടുക്കുന്നു. സ്വർണ്ണനാവുകാരനായ ഈവാനിയോസ് പറയുന്നത് യേശുവിന്റെ വായിൽനിന്ന് വന്ന ശക്തികൊണ്ടാണ് കാഴ്ച കിട്ടിയത് എന്നാണ്.

ക്രിസ്തുവിലൂടെ നമ്മുടെ പാപത്തിന്റെ പൊറുതി സാധിക്കുകയും ഏദനിലേക്കുള്ള കാഴ്ച നമുക്ക് ലഭിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ കർത്താവിനെ കണ്ണുതുറന്ന് അറിയുന്നു. ഓരോ വിശുദ്ധ കുർബ്ബാനയിലും നമുക്കായി പുരോഹിതർ കൈകളിൽ, ഹൃദയത്തിൽ വഹിച്ച് നുറുക്കി വാഴ്ത്തി നൽകുന്ന തിരുശരീരരക്തത്തിലൂടെ നമ്മുടെ ആന്തരിക കണ്ണുകൾ തുറക്കും നിശ്ചയം. അതിനായി പ്രാർത്ഥിക്കാം.

## ഓർമ്മപ്പെരുന്നാൾ.... പേജ് 1–ൽനിന്ന്

ണ്.

ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ പെരുന്നാളിന് ഏപ്രിൽ 23ന് കൊടിയേറി. മെയ് 7,8 തീയതികളിലാണ് പ്രധാന പെരുന്നാൾ. യുവജനസംഗമം, സെമിനാർ, കുടുംബസംഗമം, പൗരസ്ത്യ കാതോലിക്കേറ്റ് സുവിശേഷ സംഗമം, പൊന്നിൻകുരിശ് സമർപ്പണം, ചെമ്പെടുപ്പ് റാസ തുടങ്ങിയാണ് പ്രധാന പരിപാടികൾ.


## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള–673 591, ഫോൺ : 04936–247274, 248034, 9446733201**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ 1986 ജനുവരി 17ന് ആണ് കാര്യമ്പാടി കണ്ണാശുപത്രി ആരംഭിച്ചത്. മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമാണ്. കൂടാതെ പ.ബാവാ തിരുമനസ്സിലെയും, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയുടെയും, ഭദ്രാസന കൗൺസിലിന്റെയും നോമിനികളും, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സഭാസെക്രട്ടറി എന്നിവരെല്ലാം ഉൾപ്പെടുന്ന 55 അംഗങ്ങളുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലുമാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്.

ആദിവാസികൾ ഏറെയുള്ളതും തികച്ചും അവികസിതവും ചികിത്സാസൗകര്യങ്ങൾ നന്നേ കുറവുള്ളതുമായ ജില്ലയാണ് വയനാട്. കണ്ണാശുപത്രിയുടെ ഇതേവരെയുള്ള പ്രവർത്തന മികവ് കാരണം സമീപജില്ലകളിൽനിന്നും ചികിത്സ തേടി രോഗികൾ ധാരാളമായി വന്നുതുടങ്ങിയിട്ടുണ്ട്. യാതൊരു ചികിത്സയും തേടുവാൻ മാർഗ്ഗമില്ലാതെ കഴിഞ്ഞുകൂടിയിരുന്ന ആയിരക്കണക്കിന് അന്ധരെ സൗജന്യ ശസ്ത്രക്രിയവഴി വെളിച്ചത്തിലേക്കും ജീവിത്തിന്റെ മുഖ്യധാരയിലേക്കും നയിക്കുവാൻ കാര്യമ്പാടി കണ്ണാശുപത്രിയിലെ പ്രഗത്ഭരായ ഡോക്ടർമാർക്ക് സാധിച്ചിട്ടുണ്ട്. 2013 മാർച്ച് 31 വരെ ഒരുകോടി എൺപത്തിയാറുലക്ഷത്തി എൺപത്തയ്യായിരത്തി ഇരുപത്തിയെട്ടു രൂപയുടെ (18685028.40) സൗജന്യ ചികിത്സ നൽകുവാൻ ദൈവകൃപയാൽ കഴിഞ്ഞു. ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് ഉദാരമതികളായ സഹോദരങ്ങൾ നൽകിയ വിലപ്പെട്ട സംഭാവനകളാണ് ഈ കാര്യത്തിൽ ഞങ്ങൾക്ക് ശക്തി പകർന്നത്. സഹായിച്ച എല്ലാവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ഇൻട്രാ ഒക്കുലർ ലെൻസ് ആധുനീക താക്കോൽദ്വാര ശസ്ത്രക്രിയവഴി കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്ന ചികിത്സാരീതി ഏറെ ചെലവുള്ളതാണ്. അതുകൊണ്ട് സാധാരണക്കാരായ പാവപ്പെട്ടവർ നിത്യ അന്ധതയിലും പട്ടിണിയിലും കഴിഞ്ഞുകൂടേണ്ടിവരുന്നു. ഇവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാര്യമ്പാടി കണ്ണാശുപത്രിയിൽ ഗിവ്സൈറ്റ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി അനേകർക്ക് പ്രയോജനകരമാക്കുവാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ശസ്ത്രക്രിയക്ക് 2000 രൂപ എന്ന നിരക്കിൽ ഗിവ്സൈറ്റ് പ്രോജക്റ്റിലേക്ക് നിങ്ങളുടെ സംഭാവന അയച്ചുതരുക. എത്രപേരെ വേണമെങ്കിലും ഇപ്രകാരം സ്പോൺസർ ചെയ്യാവുന്നതാണ്. ശസ്ത്രക്രിയക്ക് അധികം വരുന്ന ചെലവുകൾ ആശുപത്രി കണ്ടെത്തുന്നതുമാണ്. ശസ്ത്രക്രിയവഴി കാഴ്ച ലഭിച്ചവരുടെ പൂർണ്ണ വിവരങ്ങൾ യഥാസമയം നിങ്ങളെ കത്ത് മൂലം അറിയിക്കുന്നതുമാണ്.

നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട വിശേഷ ദിവസത്തിന്റെ സ്മരണക്കായിട്ടോ നന്ദി സൂചകമായിട്ടോ ഒരന്ധനെയെങ്കിലും കാഴ്ചയിലേക്ക് നയിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കുചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് കല്പിച്ച് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ വചനം നമ്മുടെ ജീവിതത്തിലും അനുഗ്രഹമായിത്തീരട്ടെ.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**


## വരികൾക്കിടയിലൂടെ.....

കെ.ജോൺ മാത്യൂസ് തുമ്പമൺ

ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവ സമുദായ പാർലമെന്റ് എന്ന് വിശേഷിപ്പിക്കാവുന്ന മലങ്കര ഓർത്തഡോക്സ് അസോസിയേഷൻ മംഗളകരമായി പര്യവസാനിച്ചു. മുൻ കൊല്ലങ്ങളിലെ വോട്ടുപെട്ടി ക്രമക്കേടോ ഒന്നും ആരോപിക്കപ്പെടാതെ ദൈവേഷ്ടപ്രകാരം സമുദായാംഗങ്ങളുടെ ആഗ്രഹം നിവർത്തീകരിക്കപ്പെട്ടു.

സഭയിലെ സമുന്നത സ്ഥാനികളായ അഭിവന്ദ്യ ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ആരാദ്ധ്യരായ സഭാരത്നം ഫാ.ഡോ.ടി.ജെ.ജോഷ്വാ, ഫാ.ഡോ.ജേക്കബ് കുര്യൻ, ഫാ.ഡോ.കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പാ മുതൽപേർ അവരുടെ ഹൃദയതലങ്ങളിൽ തളംകെട്ടിനിന്ന വാക്കുകൾ മലങ്കരസഭാദീപത്തിന്റെ പത്രത്താളുകളിലൂടെ പുറത്തുവന്നു. ഇവയൊക്കെ മലങ്കരസഭാംഗങ്ങളിൽ ബഹുഭൂരിപക്ഷം പേരുടെയും അഭിപ്രായ സമന്വയങ്ങളാണ്. അവയിൽ അഭിവന്ദ്യനായ തിരുമേനി ഹൃദയവേദനയോടെ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. സാമൂഹ്യ ഇച്ഛയ്ക്ക് തലയിടുവാൻ പണം, സ്വാധീനം, വ്യാജപ്രചരണം ഇവയ്ക്ക് ഒന്നും സാധിച്ചില്ല. സഭാപ്രമാണികൾ വാറോലപ്രചാരണങ്ങൾ നടത്തുന്നത് എത്ര അനഭിലഷണീയം.

എന്തിനീ പരവേശം. ഞങ്ങൾ ഭരിച്ചെങ്കിലേ സഭാഭരണം ശരിയാകൂ എന്ന ധാരണ എത്രയോ അപലപനീയമാണ്. വൈദികട്രസ്റ്റിമാരായിരുന്നിട്ടുള്ള മണലിലച്ചൻ മുതൽ പേരെ, സഭാ അയ്മേനി ട്രസ്റ്റിമാരായിരുന്നിട്ടുള്ള പി.സി.ഏബ്രഹാം മുതൽപേരെ, സഭാ സെക്രട്ടറിമാരായിരുന്നിട്ടുള്ള എറികാട്ടു ഇ.ജെ.ജോസഫ് മുതൽ പേരെ അന്നും ഇന്നും ആദരവോടുകൂടിയാണ് സമുദായാംഗങ്ങൾ ഓർക്കുന്നത്. അള്ളിപ്പിടിച്ചിരിക്കരുത് എന്ന് എല്ലാവരോടും പലപ്രാവശ്യം ആവശ്യപ്പെട്ടു. അതു കേട്ടിരുന്നെങ്കിൽ ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നുവെന്ന് ബഹുഭൂരിപക്ഷം ജനങ്ങളെയും കൊണ്ട് പറയിപ്പിക്കണമായിരുന്നോ? എല്ലാ വിലയും കുരുതികഴിച്ചില്ലേ.

സഭ ദൈവത്തിന്റേതാണ്. ദൈവം ഇടപെട്ടു എന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു എന്ന ഫാ.ഡോ.ജേക്കബ് കുര്യന്റെ വാക്കുകൾ എത്ര സത്യം. ഫാ.ഡോ.ടി.ജെ. ജോഷ്വാ തെരഞ്ഞെടുപ്പു വിജയത്തിൽ ദൈവത്തോടുള്ള സ്തുതിപ്പിൽ പിൻപറ്റി ആയിരം ആയിരം ജനങ്ങൾ പങ്കുചേരുന്നു.

പ്രാർത്ഥനാ സമ്പന്നനായ പ.ബാവാ തിരുമേനിയുടെ കരങ്ങൾക്ക് ശക്തിപകരാൻ പുതിയ സ്ഥാനികൾക്കെല്ലാം സാധിക്കട്ടെ.

## ദാവീദുപുത്രാ എന്നോട് കരുണതോന്നേണമേ

പി.എം.മാത്യു കറ്റാനം

വലിപ്പച്ചെറുപ്പമില്ലാതെ സ്നേഹവും സമാധാനവും നിറഞ്ഞ ഒരു സോഷ്യലിസ്റ്റ സാമൂഹ്യ വ്യവസ്ഥിതിയാണ് യേശുക്രിസ്തു വിഭാവനം ചെയ്തത്. അവഗണിക്കപ്പെട്ടവരും നിരാശ്രയരുമായ ഒരു സമൂഹത്തിന്റെ പീഡനങ്ങളുടെ നൊമ്പരങ്ങളിൽ മനം തകർന്ന യേശു അവരുടെ അടുത്തേക്ക് ചെന്ന് സ്നേഹത്തിന്റെ തലോടലുകൾകൊണ്ട് അവർക്ക് ആത്മധൈര്യം പകർന്നുകൊടുത്ത് പ്രത്യാശ ഉള്ളവരാക്കിത്തീർത്തു. തകർന്ന മനസ്സിനു ആരോഗ്യവും ആശ്വാസവും നൽകുന്ന യേശു ദുഃഖിതരുടെയും പീഡിതരുടെയും മനസ്സിനു കരുത്തും കർമ്മശേഷിയും പകർന്നുകൊടുത്തു.

യേശു ഓശാനയ്ക്കു വലിയ ഒരു ജനക്കൂട്ടത്തിന്റെ അകമ്പടിയോടു യരീഹോവിലൂടെ കടന്നുപോകുമ്പോൾ ബർത്തിമായി എന്ന ഒരു കുരുടൻ വഴിയിൽ ഭിക്ഷയാചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജനങ്ങളുടെ തിക്കും തിരക്കും കേട്ടുകൊണ്ടു അടുത്തുനിന്നവരോട് അവൻ ചോദിച്ചു എന്താണീ ബഹളം. അപ്പോൾ അവർ പറഞ്ഞു നസ്രായനായ യേശു ഇതുവഴി കടന്നുപോകുന്നു. അവന് യേശുവിനെപ്പറ്റി നേരത്തെ അറിയാമായിരുന്നു. ആ ക്ഷണം തന്നെ അവൻ ഉറക്കെ നിലവിളിച്ചു ദാവീദുപുത്രാ എന്നോട് കരുണതോന്നേണമേയെന്ന്. അടുത്തുനിന്നവർ അവനെ വിലക്കിയെങ്കിലും അത് വകവെയ്ക്കാതെ അവൻ വീണ്ടും ഉറക്കെ നിലവിളിച്ചു. ദാവീദ് പുത്രാ എന്നോട് കരുണതോന്നേണമേ. മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്ന യേശു ബർത്തിമായുടെ നിലവിളികേട്ടിട്ട് നിന്നു. അവനെ വിളിക്കാൻ പറഞ്ഞുകേട്ട മാത്രയിൽ വളരെ സന്തോഷത്തോടും താഴ്മയോടും അവൻ യേശുവിന്റെ അടുക്കൽ എത്തി. യേശു ചോദിക്കുന്നു ഞാൻ നിനക്ക് എന്താണ് ചെയ്യേണ്ടത്. കുരുടൻ പറഞ്ഞു എനിക്ക് കാഴ്ച ലഭിക്കണം. യേശു അവനു കാഴ്ച കൊടുക്കുന്നു. യേശുവിന്റെ പ്രധാന ദൗത്യം ലോകത്തെ പാപത്തിന്റെ പിടിയിൽനിന്നും രക്ഷിക്കുക എന്നതായിരുന്നു. കാഴ്ച ലഭിച്ച കുരുടൻ ചാടിത്തുള്ളി സന്തോഷത്തോടെ വീട്ടിലേക്കുപോയി. യേശു അവനോട് പറഞ്ഞില്ല എന്റെ പിന്നാലെ വരാനും സഭയിൽ ചേരാനും.

യെരുശലേം ദേവാലയത്തിൽ എത്തുമ്പോൾ അവിടെ വാണിഭക്കാരെയും സാധനങ്ങൾ വിൽക്കുന്നവരേയും വാങ്ങുന്നവരെയും ചമ്മട്ടികൊണ്ട് അടിച്ചു പുറത്താക്കി. ആരും യേശുവിനെ എതിർത്തില്ല. യേശു ഉറക്കെ പറഞ്ഞു ഇത് എന്റെ പ്രാർത്ഥനാലയം, നിങ്ങളോ ഇതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു. അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവുമാണ് ഇന്ന് ക്രൈസ്തവജനത ആഗ്രഹിക്കുന്നത്. ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിനു ആരേയും ലഭിക്കാതെ പോകുന്നു. പള്ളിയിലും ആരാധനാലയങ്ങളിലുമൊക്കെ ഉജ്ജ്വലമായ പ്രസംഗങ്ങൾ സഭാനേതൃത്വത്തിലുള്ളവർ പറയുന്നുണ്ടെങ്കിലും മറ്റുള്ളവരുടെ ഭാരത്തിലും ദുഃഖത്തിലും ഒരു ചെറുവിരൽപോലും അനക്കാൻ അവർ തയ്യാറല്ല.

പള്ളിപ്രമാണികളെയും പരീശന്മാരെയും കണ്ടിട്ടു യേശുവിളിച്ചുപറഞ്ഞു. നിങ്ങൾ വെള്ളതേച്ച ശവക്കല്ലറകൾക്കു തുല്യം. പരീശന്മാരെയും ശാസ്ത്രിമാരെയും യേശു നല്ല രീതിയിൽ വിമർശിച്ചു. കാലം കാതോർത്തു നിന്നു. കാലത്തിന്റെ ചുവരെഴുത്തിൽ ഇങ്ങനെ വായിക്കാം. യേശു എത്ര നല്ലവൻ, നമുക്കായി അവൻ ക്രൂശിൽ മരിച്ചു. ഗലീലാകടപ്പുറത്തും യോർദ്ദാന്റെ തീരത്തും ഇന്നും ആ ശബ്ദത്തിന്റെ മാറ്റൊലി കേൾക്കാം. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ എന്റെ അടുക്കൽ വരുവിൻ. ജീവിതത്തെ ക്രമപ്പെടുത്തി മനുഷ്യത്വത്തിന്റെ സ്ഥാനപതിയാകാനാണ് ദൈവം മനുഷ്യനിൽനിന്ന് ആഗ്രഹിക്കുന്നത്. ആരാധന ദൈവത്തിനുള്ളതാണ്. നമ്മൾ യഥാർത്ഥമായി ദൈവത്തെ ആരാധിക്കുന്നുണ്ടോ? സ്നേഹത്തിന്റെ സുവിശേഷം നാം മറ്റുള്ളവരെ അറിയിക്കുന്നുണ്ടോ. കാലം നമ്മളെ കാത്തുനിൽക്കുന്നില്ല. ക്രിസ്തുവിനെ അറിഞ്ഞ് അവന്റെ വഴികളിൽ നടന്ന് ലോകത്തിന് മാതൃകയായി നല്ല സാക്ഷികളായി തീരാം. ബർത്തിമായിയോട് യേശു ചോദിക്കുന്നു നിനക്ക് ഞാൻ എന്താണ് ചെയ്യേണ്ടത്. ഈ ചോദ്യം നമുക്ക് മറ്റുള്ളവരോട് ചോദിക്കാം. നിനക്ക് ഞാൻ എന്താണ് ചെയ്യേണ്ടത്. മറ്റുള്ളവരിൽ നാം ദൈവത്തിന്റെ മുഖം കാണുകയും അവരുടെ വേദന നമ്മുടെ വേദനയായി കണക്കാക്കുകയും വേണം. നല്ല ശമര്യാക്കാരന്റെ കഥ ഇതിലേക്ക് വിരൽ ചൂണ്ടുന്നു.

# സ്നേഹസന്ദേശം രജതജൂബിലി നിറവിൽ

ഫാ.ഗീവർഗീസ് കെ.കെ., നല്ലില (കൺവീനർ

മലങ്കര ഓർത്തഡോക്സ് സഭയുടെ ദൗത്യരംഗത്ത് ഇരുപത്തിയഞ്ചുവർഷക്കാലം നിറഞ്ഞു പ്രശോഭിക്കുന്ന സഞ്ചാര സുവിശേഷ പദ്ധതിയാണ് സ്നേഹസന്ദേശം. കേരളത്തിലും കേരളത്തിനു പുറത്തും വിദേശങ്ങളിലുമായുള്ള സഭയുടെ ഇടവകകളെ കേന്ദ്രീകരിച്ച് നടത്തിക്കൊണ്ടിരിക്കുന്ന ഈ പദ്ധതി പതിനായിരങ്ങൾക്ക് ആത്മീക തീഷ്ണതയും സഭയുടെ സത്യവിശ്വാസത്തിൽ അടിയുറച്ചുനിൽക്കാനുള്ള ആവേശവും സന്മാർഗ്ഗനിഷ്ഠയിലുള്ള ജീവിതവും മാനസാന്തരവും ജീവിതരൂപാന്തരവും ലഭിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അനേകരുടെ സാക്ഷ്യമാണ്. സഭയുടെ പാരമ്പര്യത്തിലും സത്യവിശ്വാസത്തിലും ആദ്ധ്യാത്മീക ആചരണങ്ങളിലും നിലനിന്നുകൊണ്ടുതന്നെ വിശ്വാസികളെ പ്രബുദ്ധരാക്കി സഭയുമായുള്ള ആന്തരീക ബന്ധത്തിൽ ആത്മചേതനയോടെ നിലനിർത്താൻ പര്യാപ്തമായ ഈ പ്രസ്ഥാനം തുടർന്ന് നിലനിന്നുപോകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യവും സഭയുടെ ചലനാത്മകതയ്ക്ക് അനിവാര്യവുമാണ്.

### 1. സ്നേഹസന്ദേശം – ആരംഭം

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ദൗത്യരംഗത്ത് നൂതനമായ ആവേശവും പ്രവർത്തനസരണികളും പ്രദാനം ചെയ്ത് സഭാജനങ്ങളെ മിഷൻ താൽപര്യമുള്ളവരാക്കിത്തീർക്കാൻ ദൈവം ഉപയോഗിച്ച മലങ്കരസഭാരത്നം ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ദർശന ആവിഷ്ക്കാരമാണ് സ്നേഹസന്ദേശം. 1993 -ൽ പ.സുന്നഹദോസിന്റെ അനുവാദത്തോടെ സഭാമിഷൻ ബോർഡിന്റെ കീഴിൽ സമാരംഭിച്ച ഈ സഞ്ചാര സുവിശേഷയജ്ഞ പദ്ധതിയുടെ രജതജൂബിലി നിറവിൽ നിൽക്കുമ്പോൾ അതിൽ സജീവ സാന്നിദ്ധ്യമായി പ്രവർത്തിച്ചുകൊണ്ടിരുന്ന മ്യൂസിക്ക് ഡയറക്ടർ ഫാ.എം.പി.ജോർജ്, ആദ്യകാല കൺവീനർ ഫാ.കെ.വൈ. വിൽസൺ, ഫാ.ഉമ്മൻ പോൾ, ഫാ.ജോൺ മാത്യു, ഫാ.സി.സി.കുറിയാക്കോസ് തുടങ്ങി വൈദികരും അവൈദികരുമായ സകലരുടെയും പ്രവർത്തനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ സ്നേഹസന്ദേശത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഫാ.ഷിബു ടോം വർഗീസ്, ഫാ.ജോയിസ് വി.ജെ., അജി വർഗീസ്, ബിജു വർഗീസ്, സാജൻ വർഗീസ്, ഷാജി സാമുവൽ എന്നിവരുടെ പ്രവർത്തനങ്ങളും ടീമിന് അനുഗ്രഹപ്രദമാണ്. ഇരുപത്തിയഞ്ച് വർഷക്കാലമായി ഇതോടൊപ്പം തുടരുന്ന ഓർഗനിസ്റ്റ് സി.വി.ജോസ് ഇടവട്ടം, രാജൻ സാമുവൽ കരിപ്പുഴ എന്നിവരേയും പ്രത്യേകം സ്മരിക്കുന്നു. ഇന്ത്യയിൽ നമ്മുടെ ബഹുഭൂരിപക്ഷം ദേവാലയങ്ങളിലും, കുവൈറ്റ്, ഒമാൻ, ഖത്തർ, അൽ-അയിൻ, അബുദാബി, ദുബായ് തുടങ്ങിയ വിദേശ രാജ്യങ്ങളിലെ ദേവാലയങ്ങളിലും കേരളത്തിനകത്ത് നൂറുകണക്കിന് ദേവാലയങ്ങളിലും ഇതിന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. എട്ടു പതിപ്പുകളിലൂടെ സ്നേഹസന്ദേശം ഗീതങ്ങളുടെ പതിനായിരക്കണക്കിന് കോപ്പികൾ, വീഡിയോ ആൽബം, മറ്റ് നിരവധി സംഗീത ഓഡിയോ സിഡികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 2. മുഖ്യലക്ഷ്യങ്ങൾ

ദൈവീകരണം, ഭാരതസുവിശേഷീകരണം, സഭാവിശ്വാസികളുടെ ആത്മീയ ഉണർവ്വ്, യുവതീയുവാക്കളെ ക്രിസ്തുവിനായി നേടുക, സാമൂഹിക സേവനപ്രവർത്തനങ്ങൾ, വി.വേദപുസ്തകവും സഭാവിശ്വാസവും വളർന്നുവരുന്ന തലമുറയിലേക്ക് ആനുകാലികമായി കൈമാറുക, സ്ക്കൂൾ കോളജ് വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണം, ജീവിതലക്ഷ്യാവബോധസൃഷ്ടി, മതസൗഹാർദ്ദ സന്ദേശങ്ങളുടെ പ്രചരണം, സാമൂഹിക സേവന പ്രവർത്തനങ്ങൾ, ഇതര വിശ്വാസങ്ങളിലേക്ക് പുതുതലമുറ പോകുന്നത് തടയിടുക.

### 3. ഇടവകതല പ്രവർത്തനങ്ങൾ

ഇടവകതലത്തിൽ മൂന്നിദിവസത്തെ സ്നേഹസന്ദേശം ശുശ്രൂഷകളിൽ ഗാനശുശ്രൂഷ, വചനപ്രഘോഷണം, വിശ്വാസപ്രബോധനം, ബാല - യുവജന കൺവൻഷൻ, പരസ്യ സുവിശേഷയോഗം, ഭവനസന്ദർശനം, വിവാഹപൂർവ്വ - വിവാഹാനന്തര കൗൺസലിംഗ്, കൗമാര പ്രശ്നപരിഹാര കൗൺസലിംഗ്, കുടുംബസംഗമം, സഭാവിശ്വാസപഠനങ്ങൾ, മദ്ധ്യസ്ഥപ്രാർത്ഥന, സമർപ്പണശുശ്രൂഷ, ക്യാന്റിൽ പ്രയർ തുടങ്ങിയവ പ്രധാനമായും നടത്തപ്പെടുന്നു. കൂടാതെ കാലിക പ്രധാനമായ വിഷയപഠനങ്ങളും പ്രവർത്തനങ്ങളും ഇതോടൊപ്പം ക്രമീകരിക്കപ്പെടുന്നു. ഇവയുടെ നടത്തിപ്പിന്റെ അനുഗ്രഹത്തിനായി തുടർന്നും പ്രാർത്ഥിക്കുകയും ശുശ്രൂഷകൾ ക്രമീകരിക്കുകയും രജതജൂബിലി പ്രോജക്റ്റുകൾ നടപ്പാക്കാനുള്ള സഹായങ്ങൾ നൽകുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

### 4. രജതജൂബിലി പദ്ധതികൾ

ഭവനമില്ലാത്ത ഏറ്റവും നിർദ്ധനരായവരെ കണ്ടെത്തി ഭവനനിർമ്മാണ സഹായം, പഠിക്കാൻ സമർത്ഥരും എന്നാൽ സാമ്പത്തികം ഇല്ലാത്തിനാൽ പഠിക്കാൻ വിഷമിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് ധനസഹായം, നിർദ്ധനരോഗികൾക്ക് ചികിത്സാ സഹായം, 25 അവികസിത പള്ളികളിൽ സൗജന്യമായി സ്നേഹസന്ദേശം ശുശ്രൂഷകൾ, 25 പരസ്യസുവിശേഷയോഗങ്ങൾ, സ്ക്കൂളുകളും കോളജുകളും കേന്ദ്രീകരിച്ച് മദ്യ-മയക്കുമരുന്ന്-ലഹരി-ആത്മഹത്യാ വിരുദ്ധ ബോധവൽക്കരണം, മുൻ പ്രവർത്തകരെ ആദരിക്കുക തുടങ്ങിയവയാണ് രജതജൂബിലി പ്രോജക്റ്റുകൾ. എല്ലാവരുടേയും പ്രാർത്ഥനാപൂർണ്ണമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

സ്നേഹസന്ദേശ ശുശ്രൂഷകൾക്ക് ബന്ധപ്പെടേണ്ട വിലാസം

കൺവീനർ, സ്നേഹസന്ദേശം, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, പുളിമൂട്, മാവേലിക്കര – 3, ഫോൺ 0479 2302473, 9447564624, Website : www.snehasandesam.in, E-mail : snehasandesam@gmail.com

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒരു വിശ്വാസി**

# ആണ്ടിലക്ഷനും വോട്ടുകുമ്പസാരവും

കെ.എം.പീറ്റർ, മട്ടയ്ക്കൽ, ബാംഗ്ലൂർ

ഫെബ്രുവരിമാസം പകുതി കഴിഞ്ഞു. കുർബ്ബാന കഴിഞ്ഞിട്ട് അച്ചൻ കൈമുത്തിനു മുൻപ് ഒരു അനൗൺസ്മെന്റ് നടത്താനായി മൈക്കിന്റെയടുത്തു സമീപിച്ചു. പള്ളിപൊതുയോഗം മാർച്ച് 19ന് കുർബ്ബാന കഴിഞ്ഞാണ്. പ്രധാന അജണ്ടാ വിഷയം അടുത്ത വർഷത്തേക്കുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള ഇലക്ഷനായിരിക്കും. അതിനാൽ കുമ്പസാരം നടത്താനായിട്ടുള്ളവർ വന്നു കുമ്പസാരം നടത്തണമെന്നു അച്ചൻ എല്ലാവരെയും ഓർമ്മിപ്പിച്ചു. കുമ്പസാരം കഴിഞ്ഞു സാധാരണ ചെയ്യാറുള്ളതുപോലെ മേശപ്പുറത്ത് വെച്ചിരിക്കുന്ന രജിസ്റ്ററിൽ അവരവരുടെ മേൽവിലാസവും ഒപ്പും ഇടാൻ മറക്കരുത് എന്നും അച്ചൻ ഓർമ്മിപ്പിച്ചു.

ഓർത്തഡോക്സ് സഭ അംഗീകരിച്ചിട്ടുള്ള കൂദാശകളിൽ പ്രധാനപ്പെട്ട ഏഴിൽ ഒന്നാണ് വി.കുമ്പസാരം. എന്നാൽ പ്രൊട്ടസ്റ്റന്റ് സഭകൾ നിരാകരിച്ചിട്ടുള്ളതും കത്തോലിക്കാ സഭയുടെ ഏഴുകൂദാശകളിൽ ഒന്നായി കണക്കാക്കുന്നതും ആണിത്. ആത്മപരിശോധന, ആത്മാർത്ഥമായ പശ്ചാത്താപം, പട്ടക്കാരുടെയോ വിശുദ്ധന്മാരുടെയോ മുൻപാകെ പാപം ഏറ്റുപറച്ചിൽ, പട്ടക്കാരുടെയോ വിശുദ്ധന്മാരുടെയോ പാപമോചന പ്രഖ്യാപനം എന്നീ നാലുഘട്ടങ്ങൾ വി.കുമ്പസാരത്തിനുണ്ട്. ചെയ്യരുതാത്തത് ചെയ്യുകയും ചെയ്യേണ്ടതു ചെയ്യാത്തതും പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി വിശ്വാസികൾ ഏറ്റുപറയാൻ കടപ്പെട്ടിരിക്കുന്നു.

പാപം മോചിക്കാനായുള്ള അധികാരം സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നതായി പുരാതനസഭയിൽ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ വിശ്വാസത്തിനാധാരമായുള്ള കാര്യങ്ങൾ വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളതിൽ ചിലതുമാത്രം താഴെക്കൊടുത്തിരിക്കുന്നത് സദയം കണ്ടാലും :-

1. വി.മത്തായി 16:19, 18:16–18
2. വി.യോഹന്നാൻ 20:21–23
3. അപ്പോസ്തോല പ്രവർത്തികൾ 19:18–19
4. വി.യാക്കോബ് 5:16

ഇവകൾ ബൈബിളിലെ പല റഫറൻസുകളിലെ വെറും ചിലതുകൾ മാത്രം. സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്ന പാപമോചനാധികാരം പൗരോഹിത്യനൽവരങ്ങൾലഭിച്ചവർ മൂലവും, സഭയിലെ ദൈവകൃപ ലഭിച്ച മൂപ്പന്മാർ മുഖേനയും, ദൈവകൃപയിലും പാപമോചനവും രോഗശാന്തിയും വിശ്വാസികൾക്ക് ലഭിക്കുന്നതാണ്. സുറിയാനി പാരമ്പര്യത്തിൽ അനുതാപം, തെറ്റുകളുടെ ഏറ്റുപറച്ചിൽ ആദിയായവകളാണ് കുമ്പസാരത്തിന്റെ കാതലായ പ്രവർത്തനശൈലികൾ. അതായത് കർത്താവിനോട് ചേരുന്ന അനുരഞ്ജനത്തിന്റെ കൂദാശയാണ് കുമ്പസാരം.

അപ്പോസ്തോലിക കാലഘട്ടത്തിൽ ഇന്നത്തെപ്പോലെയുള്ള കുമ്പസാരം നിലനിന്നിരുന്നില്ല. എന്നാൽ പാപം സഭാമൂപ്പന്മാരുടെയടുത്തു ഏറ്റുപറയുകയും പാപഭാരത്തിൽനിന്നുമുള്ള മോചനവും ആത്മസംതൃപ്തിയും രോഗശാന്തിപോലും പ്രാപിച്ചിരുന്നതായി ബൈബിളിൽ പലയിടങ്ങളിൽ നാം കാണുന്നു. ആദിമസഭയിൽ പാപങ്ങളും അവനവന്റെ തെറ്റുകളും പരസ്യമായി ഏറ്റുപറയുന്ന രീതി നിലനിന്നിരുന്നു. പാസ്റ്റർമാരുടെയും മറ്റും പ്രസംഗമദ്ധ്യേ സാക്ഷിപറച്ചിൽ ഇക്കാലത്തും നിലവിലുള്ള ആചാരരീതികളാണ്. പക്ഷെ പരസ്യമായി തെറ്റുകളും പാപപ്രവർത്തികളും പറയുന്നതിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കിയപ്പോൾ സഭ രഹസ്യകുമ്പസാരത്തിലേക്ക് മാറുകയായിരുന്നിരിക്കണം. ഭാരതത്തിൽ (കേരളത്തിൽ) പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് രഹസ്യകുമ്പസാരം തുടങ്ങിയതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

ജീവിതത്തിന് ഒരു പുതുക്കം പ്രാപിക്കുക എന്ന ആഗ്രഹത്തോടുകൂടി വർഷത്തിൽ എത്ര പ്രാവശ്യം വി.കുമ്പസാരം നടത്തേണ്ടതാണെന്നു സഭ നിർബന്ധം ഒന്നും വെച്ചിട്ടില്ല. പാപബോധവും മറ്റ് വൈകാരിക പ്രശ്നങ്ങളും ഒക്കെ നേരിടുമ്പോൾ കുമ്പസാരം നടത്തിയാൽ ഒരു പ്രചോദനവും ആത്മീയ ആശ്വാസവും അനുഭവപ്പെടാം. പട്ടക്കാർ രഹസ്യങ്ങൾ സൂക്ഷിക്കാൻ കടപ്പെട്ടവരാകയാൽ വിശ്വാസികൾക്കു തങ്ങളുടെ ജീവിതത്തിൽ നേരിടുന്ന ഏതുതരത്തിലുള്ള പ്രശ്നങ്ങളും തെറ്റുകളും കുറ്റങ്ങളും ധൈര്യപൂർവ്വം കുമ്പസാരത്തിൽ പങ്കിടാൻ സാധിക്കുന്നു. മാനസികസംഘർഷങ്ങൾക്കു വ്യക്തികൾ കൂടുതൽ കൂടുതൽ അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ കുമ്പസാരത്തിന്റെ പ്രസക്തി ഏറിക്കൊണ്ടിരിക്കുകയാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം അധികാരസ്ഥാനങ്ങളിൽനിന്നും പാപംമോചിക്കപ്പെട്ടിരിക്കുന്നു എന്നുള്ള വ്യാഖ്യാനം മൂലം കൂടുതൽ ധൈര്യവും ശക്തിയും പാപത്തിൽനിന്നുള്ള വിടുതലിന്റെ ആത്മീയസന്തോഷവും പ്രചോദനവും അനുഭവിക്കാൻസാധിക്കുന്നു. അയോഗ്യമായി അപ്പം ഭക്ഷിക്കരുത് എന്ന പൗലോസ് ശ്ലീഹായുടെ പ്രബോധനത്തെ പരിഗണിച്ചു വിശ്വാസികൾ തങ്ങളെതന്നെ ഒരുക്കാനായി വി.കുർബ്ബാനയ്ക്കു മുമ്പ് വി.കുമ്പസാരം നടത്തുക എന്ന പതിവുണ്ടായിരുന്നു. എന്നാൽ വി.കുമ്പസാരം അതിൽതന്നെ പൂർണ്ണമായുള്ള ഒരു കൂദാശയാണ്. വി.കുർബ്ബാന സ്വീകരിക്കുന്നതിനുള്ള ഒരു മുൻ ഉപാധിയായി മാത്രം കുമ്പസാരത്തെ കാണുന്നത് സഭാപാരമ്പര്യത്തിനു അത്ര നിരക്കുന്നതല്ല. എങ്കിലും കുമ്പസാരമോ ഹൂസോയോയോ കുർബ്ബാന സ്വീകരിക്കുന്നതിനു മുമ്പ് നാം നടത്തി നമ്മെ യോഗ്യരാക്കാറുണ്ട്.

കുമ്പസാരം വെറും വോട്ടുകുമ്പസാരമാകരുത്

പള്ളിയിൽ വർഷാന്ത്യ ഇലഷന് ഭാഗഭാക്കാകണമെങ്കിൽ കുമ്പസാരിച്ച് കുർബ്ബാന വർഷത്തിലൊരിക്കലെങ്കിലും എടുത്തിരിക്കണം. ഇക്കാലത്തെ അത്മായക്കാർ പ്രത്യേകിച്ചും വിദ്യാസമ്പന്നരും പണക്കാരും കുടുംബസ്ഥരും മറ്റും ആയവർക്ക് ഹൂസോയോ പ്രാപിച്ച് കുർബ്ബാന അനുഭവിക്കാനാണ് സന്നദ്ധത. പക്ഷെ അപ്രകാരമെങ്കിൽ ഇലക്ഷനിൽ ഭാഗഭാക്കാകാൻ സാധിക്കുകയില്ല. പട്ടക്കാരുടെയടുത്തുപോയി തങ്ങളുടെ പാപഭാരം തലയിൽനിന്നിറക്കാനും അവകൾ പറഞ്ഞു സുകൃതം നേടാനും അവർക്കൊട്ടും സന്നദ്ധതയില്ല. മനസ്സില്ലാ മനസ്സോടു ചിലർ വി.കുമ്പസാരത്തിനു പുരോഹിതരെ സമീപിക്കുന്നവരും ഉണ്ട്. ഈ ചുറ്റുപാടിൽ പട്ടക്കാർ എന്തെങ്കിലും കാര്യമായ ചോദ്യങ്ങൾ കുമ്പസാരത്തിൽ ചോദിക്കാൻ മടിക്കുന്നു. ചോദിച്ചുപോയാൽ പട്ടക്കാർക്കു നല്ല തടുത്തുത്തരം കുമ്പസാരിക്കുന്നവരിൽനിന്നും ലഭിക്കുന്നതായും മനസ്സിലാക്കാൻ പറ്റുന്നു.

ഇക്കാലത്തു പണക്കാരും വിദ്യാസമ്പന്നരുമായവരിൽ പ്രത്യേകിച്ചും മാനസിക അപ്രമാദിത്യവും മറ്റു സൈക്കോളജിക്കൽ അപാകതകളും വളരെ കൂടുതലായി കാണുന്നു. അവയ്ക്കൊക്കെ കൗൺസിലർമാരുടെയും സൈക്കോളജിസ്റ്റുമാരുടെയുമടുത്ത് തുടർച്ചയായി പോകുന്നതിനും അവരവരുടെ മാനസികഭാരക്കെട്ടു അഴിച്ചുനിവർത്തിവെച്ചു എല്ലാംതന്നെ യാതൊരു അഭിമാനക്കുറവും കൂടാതെ തുറന്നുപറയാനും മടിയില്ല. വേണ്ടത്ര മരുന്നും മന്ത്രങ്ങളും കഴിക്കാനും ഇക്കൂട്ടർ തയ്യാറത്രെ. ഒന്നു ചിന്തിച്ചാൽ കുമ്പസാരത്തിൽക്കൂടി ആത്മീയശാന്തി ലഭിക്കുന്നു. ഭൗതീകവാതികൾക്കു കൗൺസലിംഗിൽകൂടി താൽക്കാലിക ശാരീരിക ആശ്വാസം ലഭിക്കുന്നു.

(ശേഷം പേജ് 5-ൽ)

# മലങ്കരസഭ ചരിത്രാവലോകനം...പേജ് 1–ൽനിന്ന്

യ്ക്ക് ദൃഢമായ ഒരു ബന്ധമുണ്ടായിരുന്നു.

3. അർക്കദിയാക്കോൻ എന്ന സ്ഥാനി ക്രിസ്ത്യാനികളുടെ സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ, മതനേതാവായിരുന്നു. പകലോമറ്റം കുടുംബത്തിൽ പെട്ട ഒരു പുരോഹിതനായിരുന്നു അദ്ദേഹം. ജാതിക്കു കർത്തവ്യൻ എന്നും അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിന് വ്യാപകമായ അംഗീകാരം ലഭിച്ചിരുന്നു. പേർഷ്യയിൽനിന്ന് ഇടയ്ക്കൊക്കെ ബിഷപ്പന്മാർ ഇവിടെ വന്നിരുന്നുവെങ്കിലും ആത്മീയവും ലൗകീകവുമായ കാര്യങ്ങളിൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്ത നേതാവായി അർക്കദിയാക്കോൻ പരിലസിച്ചിരുന്നു.

4. ക്രിസ്ത്യാനികളുടെ ഇടവകകൾ ഭരണപരമായ പൂർണ്ണ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു, ഇടവകപട്ടക്കാരും ഇടവക പൊതുയോഗവും, ഭരണപരമായ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. സ്ത്രീകൾക്ക് പള്ളിഭരണത്തിൽ പങ്കാളിത്തമൊന്നുമുണ്ടായിരുന്നില്ല. തവണമുറയനുസരിച്ച് പട്ടക്കാർ ശുശ്രൂഷ നിർവ്വഹിച്ചുവന്നു. അവരിൽ പ്രായംകൊണ്ട് മൂത്തയാൾ പ്രധാന പുരോഹിതനും, ഇടവകയോഗത്തിന്റെ അദ്ധ്യക്ഷനുമായിരുന്നു.

5. മലങ്കരസഭയുടെ ആരാധനയും മറ്റും കിഴക്കൻ സുറിയാനി ഭാഷയിലുള്ളതായിരുന്നു. പേർഷ്യൻസഭയുടെ ആരാധന കാര്യമായ മാറ്റം ഒന്നുമില്ലാതെ അതേപടി മലങ്കരസഭ സ്വീകരിച്ചിരുന്നു. മലങ്കരസഭയുടേതായി പ്രത്യേക ഒരാരാധനാക്രമമുണ്ടാകണമെന്നോ ഇവിടുത്തെ കാലദേശ സംസ്ക്കാരത്തിനനുസരണമായി അപ്രകാരം ഒന്നു വികസിപ്പിച്ചെടുക്കണമെന്നോ ആർക്കും തോന്നിയിരുന്നില്ല അഥവാ അപ്രകാരം ഒന്ന് ആരും വികസിപ്പിച്ചെടുത്തിട്ടില്ല. കാര്യമായ പരിഭാഷപോലും നടത്താതെ നിലനിർത്തിയിരുന്ന പേർഷ്യൻ ആരാധന കേരള ക്രൈസ്തവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. അവരതിൽ തൃപ്തരായിരുന്നു, പാശ്ചാത്യ മിഷണറിമാർ വന്നതിനുശേഷമാണ് വേദപുസ്തകപരിഭാഷയുണ്ടാകുന്നത്. ഇരുപതാം നൂറ്റാണ്ടോടെയാണ് ആരാധനയുടെ മലയാള പരിഭാഷ യുണ്ടാകുന്നത്.

6. കേരളത്തിലെ ക്രിസ്ത്യാനികൾ ഉയർന്ന സാമൂഹിക സാംസ്ക്കാരിക നിലവാരം പുലർത്തിയിരുന്നു. ഇതരമതസ്ഥർക്ക് അവരോട് ബഹുമാനാദരവുകൾ ഉണ്ടായിരുന്നു. ചുറ്റുമുള്ള ജാതികളുമായി അവർ സൗഹൃദത്തിലായിരുന്നു.

7. അവരുടെ സേവന സന്നദ്ധതയും ഉന്നത സാമൂഹിക നിലവാരവും, അർപ്പണബോധവും, ബുദ്ധിശക്തിയും കണക്കാക്കി കേരളത്തിലെ നാട്ടുരാജാക്കന്മാർ അവർക്ക് പല പദവികളും കൽപ്പിച്ച് നൽകിയിരുന്നു.

8. പേർഷ്യൻ സഭയുമായല്ലാതെ വേറെ ഏതെങ്കിലും വിദേശസഭയുമായി മലങ്കര സഭയ്ക്ക് 16–ാം നൂറ്റാണ്ടിനു മുമ്പ് ബന്ധമുണ്ടായിരുന്നുവെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ പറയുവാൻ സാധിക്കുകയില്ല.

## പോർട്ടുഗീസുകാരുടെ വരവും സഭാഭിന്നതയും

1498–ൽ പോർട്ടുഗീസ് കപ്പിത്താനായ വാസ്കോഡിഗാമ കോഴിക്കോട് വന്നിറങ്ങിയതോടെ കേരളസഭയുടെ ചരിത്രത്തിൽ ഒരു പുതിയ വഴിത്തിരിവുണ്ടായി. വാസ്കോഡിഗാമയെ തുടർന്ന് പ്രധാനമായും പോർട്ടുഗീസുകാരായ റോമൻ കത്തോലിക്കാ മിഷണറിമാർ മലങ്കരയിലേക്ക് വരുവാൻ തുടങ്ങി. ഇവിടെയുണ്ടായിരുന്ന സഭയുടെ പേർഷ്യൻസഭാ ബന്ധം വിച്ഛേദിച്ച് റോമൻ കത്തോലിക്കാ സഭയുമായും അതിന്റെ തലവനായ മാർപാപ്പായുമായും ബന്ധിപ്പിക്കുവാൻ കത്തോലിക്കാ മിഷണറിമാർ ശ്രമിച്ചു. അത് മലങ്കരസഭയെ ഭിന്നതയിലേക്ക് നയിച്ചു.

റോമൻ കത്തോലിക്കാ സഭയുമായി പ്രത്യക്ഷമായും പരോക്ഷമായും മലങ്കരസഭയ്ക്കു അക്കാലംവരെ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ റോമൻ കത്തോലിക്കാ മിഷണറിമാർ ഏതുവിധേനയും മലങ്കരസഭയെ കീഴ്പ്പെടുത്തി റോമിനു വിധേയമാക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു. മലങ്കരസഭയിലെ പള്ളികളിൽ അവർ സർവ്വസ്വാതന്ത്ര്യത്തോടെ കയറിയിറങ്ങി പ്രവർത്തിച്ചു. മലങ്കരയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരുന്ന സുറിയാനി ആരാധനാക്രമങ്ങളെയും പാരമ്പര്യങ്ങളേയും തദ്ദേശീയമായ ആചാരാനുഷ്ഠാനങ്ങളെയും അവർ നിശിതമായി വിമർശിച്ചു.

മാർപാപ്പായുടെ അധികാരം മലങ്കരയിൽ സ്ഥാപിക്കുന്നതിനുവേണ്ടിയും ഇവിടെ ആ ദിശയിൽ ആവശ്യമായ റോമാവൽക്കരണമോ ലത്തീൻവൽക്കരണമോ നടത്തുവാൻവേണ്ടിയും മാർപാപ്പായുടെ അനുഗ്രഹാശിസുകളോടെ 1599ൽ ഉദയംപേരൂരിൽ ഒരു സുന്നഹദോസ് കൂടി. റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പായി ഗോവായിൽ പ്രവർത്തിച്ചിരുന്ന പോർട്ടുഗീസുകാരൻ അലക്സിസ് ഡെ മെനെസിസ് ആയിരുന്നു ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടിയത്. പോർട്ടുഗീസ് അധികാരത്തിന്റെ പിൻബലത്തോടും ഇന്നാട്ടിലെ രാഷ്ട്രീയാധികാരികളെ സ്വാധീനിച്ചും മലങ്കരസഭയെ റോമിനു കീഴ്പ്പെടുത്തുക എന്ന ലക്ഷ്യം മെനെസിസ് സാധിച്ചു. ഉദയംപേരൂർ സുന്നഹദോസിൽവെച്ച് മലങ്കരസഭയെക്കൊണ്ട് റോമിന്റെ അധികാരം ഔദ്യോഗികമായി അംഗീകരിപ്പിച്ചുവെങ്കിലും മനസ്സുകൊണ്ട് റോമിനെ അംഗീകരിക്കുവാൻ മലങ്കരനസ്രാണികളിൽ മഹാഭൂരിപക്ഷം തയ്യാറായില്ല.

സുന്നഹദോസ് കഴിഞ്ഞയുടൻ നിയമിതനായ റോമൻ കത്തോലിക്കാ ആർച്ചുബിഷപ്പും തുടർന്നുള്ളവരും അർക്കദിയാക്കോന്റെ അധികാരാവകാശങ്ങൾ കവർന്നെടുത്തു.; സുറിയാനി ആരാധനയ്ക്കുപകരം ലത്തീൻ ആരാധനയും ക്രമങ്ങളും പ്രചരിപ്പിച്ചു; ട്രെന്റ് കൗൺസിലിന്റെ അംഗീകാരം നേടിയ റോമൻ കത്തോലിക്കാ വിശ്വാസം ഉദയംപേരൂർ സുന്നഹദോസിനെകൊണ്ട് അംഗീകരിപ്പിച്ചു. വൈദിക വിവാഹം നിർത്തലാക്കി. റോമൻ കത്തോലിക്കാ ദിശയിലേക്ക് മലങ്കരസഭയെ നയിക്കുന്ന ഇമ്മാതിരി അനേക നടപടികൾ മെനെസിസും പിൻഗാമികളും സ്വീകരിച്ചു. മലങ്കരസഭയിലെ വലിയൊരു വിഭാഗം വിശ്വാസികളും പുരോഹിതന്മാരും കത്തോലിക്കരുടെ ചെയ്തികളെ എതിർത്തു. എങ്കിലും റോമിനെ അംഗീകരിക്കുന്ന ഒരു വിഭാഗത്തെ സംഘടിപ്പിക്കുന്നതിൽ കത്തോലിക്കരും വിജയിച്ചു.

പരസ്പരം ഉള്ള എതിർപ്പും ഭിന്നതയും രൂക്ഷമായി. 1653ലെ കൂനൻകുരിശു സത്യത്തോടെ മലങ്കരയിലെ മഹാഭൂരിപക്ഷം ജനങ്ങളും ഉദയംപേരൂർ സുന്നഹദോസ് വഴി നിലവിൽവന്ന റോമൻ കത്തോലിക്കാ ബന്ധം ഉപേക്ഷിച്ചു. ഭിന്നത പൂർണ്ണമായി.

ഒരു വിഭാഗം റോമൻ കത്തോലിക്കാ ബന്ധത്തിൽ നിലനിന്നു. അവരാണ് ഇന്നത്തെ സീറോ മലബാറുകാർ. ആദ്യകാലങ്ങളിൽ അവർ റോമുമായും മീഷണറിമാരുമായും പല കാര്യങ്ങളെച്ചൊല്ലിയും പ്രധാനമായും സഭാഭരണം സംബന്ധിച്ചും രൂക്ഷമായ അഭിപ്രായ വ്യത്യാസത്തിലായിരുന്നു. കാലക്രമേണ അവർ റോമിന്റെ പൂർണ്ണവിധേയത്വത്തിൻകീഴെവന്നു. ആദ്യം റോമൻ കത്തോലിക്കാ ആധിപത്യത്തെ എതിർത്തുനിൽക്കുകയും കൂനൻകുരിശ് സത്യം ചെയ്യുകയും ചെയ്തവരിൽ ഒരു വലിയ വിഭാഗവും കാലക്രമേണ അവരോട് ചേർന്നു.

## മലങ്കരസഭ അന്ത്യോഖ്യൻ ബന്ധത്തിൽ

1653–ൽ കൂനൻകുരിശു സത്യം നടന്നത് പകലോമറ്റം കുടുംബാംഗമായിരുന്ന തോമ്മാ അർക്കദിയാക്കോന്റെ നേതൃത്വത്തിലായിരുന്നു. കൂനൻകുരിശു സത്യം ചെയ്തവർ റോമുമായും ഇവിടെയുണ്ടായിരുന്ന റോമൻ കത്തോലിക്കാ ഭരണാധികാരികളും മിഷണറിമാരുമായും ഉണ്ടായിരുന്ന ബന്ധം വിച്ഛേദിച്ചു. എന്നാൽ പോർട്ടുഗീസുകാലത്തിനു മുമ്പുണ്ടായിരുന്നതുപോലെ കിഴക്കൻ സുറിയാനി (പേർഷ്യൻ) സഭയുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാൻ അവർക്ക് സാധിച്ചില്ല. അവരെ നയിക്കുവാൻ പേർഷ്യയിൽനിന്ന് ആരെങ്കിലും ബിഷപ്പൻമാരെ വരുത്തുവാനും സാധിച്ചില്ല. റോമിനോട് ചേർന്ന വിഭാഗത്തിൽ മെത്രാന്മാരുണ്ടായിരുന്നു. ഇപ്പുറത്ത് അങ്ങനെയാരും ഉണ്ടായിരുന്നില്ല. അത് അർക്കദിയാക്കോന്റെ ഭാഗത്തുനിന്ന് റോമൻവിഭാഗത്തിലേക്ക് ആളുകൾ പൊഴിഞ്ഞുപോകുവാനും കാരണമായി.

ഇതിനൊരു പരിഹാരമുണ്ടാക്കുവാനും സഭയ്ക്ക് ശക്തമായ നേതൃത്വം നൽകുവാനും അർക്കദിയാക്കോനെ മെത്രാൻസ്ഥാനത്തേക്കുയർത്തുവാൻ മലങ്കരസഭ തീരുമാനിച്ചു. മെത്രാൻപട്ടംകൊടുക്കുവാൻ ഇവിടെ വേറെ ആരെയും ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ പന്ത്രണ്ട് പുരോഹിതന്മാർ ചേർന്ന് പൗരോഹിത്യ സ്ഥാനാരോഹണ ശുശ്രൂഷ നടത്തി. അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാൻസ്ഥാനത്തേക്കുയർത്തി.

പന്ത്രണ്ടു പുരോഹിതന്മാർ ചേർന്ന് ഒരാളെ മെത്രാൻസ്ഥാനത്തേക്കുയർത്തിയ നടപടി റോമൻ കത്തോലിക്കർ പരിഹസിച്ചെങ്കിലും, മലങ്കരസഭാംഗങ്ങൾ ഭൂരിപക്ഷവും മാർത്തോമ്മാ ഒന്നാമന്റെ കീഴിൽ അണിനിരന്നു. പന്ത്രണ്ടു പുരോഹിതന്മാർ കൂടി ഒരാളെ മെത്രാൻസ്ഥാനത്തേക്ക് ഉയർത്തുന്നത് പുരാതനസഭയുടെ പതിവായിരുന്നു. അലക്സാന്ത്ര്യൻ സഭാപാരമ്പര്യത്തിൽ നാലാം നൂറ്റാണ്ട് വരെയും ആ രീതി നിലനിന്നിട്ടുമുണ്ട്. വേറെ യാതൊരു മാർഗ്ഗവും ഇല്ലാതെയിരുന്ന ഒരു സാഹചര്യത്തിൽ മലങ്കരസഭ കൈക്കൊണ്ട ഒരു നടപടിയായിരുന്നു അത്. അതിന് സഭാപാരമ്പര്യത്തിൽ ന്യായീകരണവുമുണ്ട്.

റോമൻ കത്തോലിക്കരുമായുള്ള ആയോധനത്തിൽ സഹായമഭ്യർത്ഥിച്ചുകൊണ്ട് അർക്കദിയാക്കോനും കൂട്ടരും പേർഷ്യൻ, അലക്സാന്ത്ര്യൻ, അന്ത്യോഖ്യൻ, ഗ്രീസ് തുടങ്ങി വിവിധ കിഴക്കൻ സഭകളുമായി ബന്ധപ്പെട്ടിരുന്നു. തൽഫലമായി 1665–ൽ അന്ത്യോഖ്യൻ (പാശ്ചാത്യ സുറിയാനി) സഭയിൽപെട്ട യെരുശലേമിലെ ഗ്രിഗോറിയോസ് എന്ന ബിഷപ്പ് മലങ്കരയിലെത്തി.

അന്ത്യോഖ്യൻ സുറിയാനി സഭയിൽനിന്ന് ആദ്യമായി മലങ്കരയിലെത്തുന്ന മഹാപുരോഹിതനായിരുന്നു യറുശലേമിലെ ഗ്രിഗോറിയോസ്. ഒരു വലിയ ആപൽഘട്ടത്തിലായിരുന്ന മലങ്കരസഭാംഗങ്ങൾ ഹാർദ്ദവമായി അദ്ദേഹത്തെ സ്വാഗതം ചെയ്തു. റോമിന്റെ കടന്നാക്രമണത്തിനെതിരെ അദ്ദേഹം മലങ്കരസഭയ്ക്കു ശക്തി പകർന്നു. മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനം അദ്ദേഹം സ്ഥിരീകരിച്ചു. അവർ രണ്ടുപേരുംകൂടി മാർത്തോമ്മാ രണ്ടാമനെ വാഴിച്ചു. മാർത്തോമ്മാ രണ്ടാമൻ മൂന്നാമനെയും മൂന്നാമൻ നാലാമനെയും നാലാമൻ അഞ്ചാമനെയും അഞ്ചാമൻ ആറാമനെയും വാഴിച്ചു. ഈ വാഴ്ചകളൊന്നും സാധുവല്ലാ എന്ന് റോമൻ കത്തോലിക്കർ വാദിച്ചുകൊണ്ടിരുന്നു. മലങ്കരസഭ ആ വാദത്തെ തള്ളിക്കളയുകയും ചെയ്തു. 1665 മുതൽ 1876 വരെയുള്ള 211 വർഷങ്ങൾക്കിടയിൽ ഗ്രിഗോറിയോസിനെ തുടർന്ന് ആകെ 10 അന്ത്യോഖ്യൻ മെത്രാന്മാർ ഇവിടെ വന്നു. അവരിൽ മിക്കവാറും എല്ലാവരും ഇവിടെ അധികാരം സ്ഥാപിക്കുവാൻ ശ്രമിച്ചു. എന്നാൽ മലങ്കരസഭ അതിനെ തന്ത്രപൂർവ്വം എതിർത്തു. പക്ഷെ അന്ത്യോഖ്യൻ സഭയേയും പിതാക്കന്മാരെയും അനുകൂലിക്കുന്ന ഒരു കക്ഷിയെ ഇവിടെ സംഘടിപ്പിച്ചു വളർത്തുവാൻ ഇവിടെ വന്ന അന്ത്യോഖ്യൻ മെത്രാന്മാർക്ക് കഴിഞ്ഞു. അത് മലങ്കരയിൽ കൂടുതൽ ഇടപെടുവാൻ അന്ത്യോഖ്യൻ സഭാപിതാക്കന്മാർക്ക് അവസരം ഉണ്ടാക്കികൊടുത്തു.

മാർത്തോമ്മാ മെത്രാന്മാരുടെ സ്ഥാനത്തിന് ന്യൂനത ഉണ്ട് എന്ന് റോമൻ കത്തോലിക്കർ തുടരെ തുടരെ ആരോപിച്ചിരുന്നു. അതിന്റെ വെളിച്ചത്തിൽ മാർത്തോമ്മാ അഞ്ചാമന്റെ പട്ടത്വത്തെയും അവർ നിശിതമായി വിമർശിച്ചു. ഈ സാഹചര്യത്തിൽ മലങ്കരസഭയെ പൂർണ്ണമായും വരുതിയിൽ വരുത്തുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസും ആഗ്രഹിച്ച് കരുക്കൾ നീക്കി. അതിനുവേണ്ടി പാത്രിയർക്കീസ് രണ്ടു മെത്രാന്മാരെയും ചില വൈദികരെയും കൂടി 1751ൽ മലങ്കരയിലേക്കയച്ചു. വീണ്ടും പട്ടമേൽക്കുവാൻ മാർത്തോമ്മാ അഞ്ചാമനെ അവർ നിർബന്ധിച്ചു. അദ്ദേഹം അതിനു വഴിപ്പെട്ടില്ല. മാത്രമല്ല ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരെ അവഗണിച്ച് അദ്ദേഹം തനിയെ മാർത്തോമ്മാ ആറാമൻ എന്ന പേരിൽ പിൻഗാമിയെ വാഴിച്ചു.

മാർത്തോമ്മാ ആറാമന് ഇവിടുത്തെ റോമൻ കത്തോലിക്കരിൽനിന്നും വളരെയധികം പീഢകൾ ഏൽക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ സ്ഥാനസാധുതയെ കത്തോലിക്കരും ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ സഭാപിതാക്കന്മാരും ചോദ്യം ചെയ്തു. ആ ഒരു സാഹചര്യത്തിൽ അന്ത്യോഖ്യൻ പിതാക്കന്മാരിൽനിന്ന് ദീവന്നാസിയോസ് ഒന്നാമൻ എന്ന പേരിൽ അദ്ദേഹം വീണ്ടും സ്ഥാനം പ്രാപിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഒരു വിജയമായിരുന്നു ദീവന്നാസിയോസ് ഒന്നാമന്റെ സ്ഥാനസ്ഥിരീകരണം.

## നവീകരണക്കാരുമായുള്ള ബന്ധം

ദീവന്നാസിയോസ് ഒന്നാമന്റെ ഭരണകാലത്ത് ബ്രിട്ടീഷുകാർ കേരളത്തിലെത്തി. അക്കൂട്ടത്തിൽപെട്ട സി.എം.എസ്., ആംഗ്ലീക്കൻ മിഷണറിമാർ മലങ്കരസഭയുമായി ബന്ധത്തിൽ പ്രവേശിച്ചു. ഒരു വശത്ത് സി.എം.എസ്. ബന്ധം മലങ്കരസഭയെ വളരെ സഹായിച്ചിട്ടുണ്ട്. വൈദിക വിദ്യാഭ്യാസത്തിന് സ്വന്തമായി സെമിനാരി സ്ഥാപിക്കുവാനും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കളമൊരുക്കുവാനും വേദപുസ്തകം പരിഭാഷപ്പെടുത്തുവാനും ഇടവകകളുടെ ഭരണം ക്രമീകരിക്കുവാനും വിശ്വാസികളുടെ ആത്മീയ ജീവിതം കുറേക്കൂടി ആഴമുള്ളതാക്കുവാനും മിഷണറിമാർ സഹായിച്ചു. എന്നാൽ പിൽക്കാലത്ത് നവീകരണ ആശയങ്ങൾ അവർ മലങ്കരസഭാംഗങ്ങളുടെ ഇടയിലേക്ക് കടത്തിവിട്ടു.

ദീവന്നാസിയോസ് ഒന്നാമനും മുൻഗാമികളും പകലോമറ്റം കുടുംബത്തിൽ പെട്ടവരായിരുന്നു. ദീവന്നാസിയോസ് ഒന്നാമൻ അദ്ദേഹത്തിന്റെ പിൻഗാമിയായി ആ കുടുംബത്തിൽതന്നെ പെട്ട ഒരാളെ മാർത്തോമ്മാ ഏഴാമൻ എന്ന പേരിൽ വാഴിച്ചു. മാർത്തോമ്മാ ഏഴാമൻ എട്ടാമനെയും വാഴിച്ചു. എന്നാൽ ഈ സമയമാകുമ്പോഴേക്കും മലങ്കരസഭയിൽ ഒരു വിഭാഗം ആളുകൾ പകലോമറ്റം കുടുംബവാഴ്ചയ്ക്കെതിരായി ശബ്ദമുയർത്തി. സി.എം.എസ്. മിഷണറിമാരുമായി അവർ ബന്ധപ്പെട്ടു. അവരുടെ കൂട്ടത്തിൽപെട്ട ആളായിരുന്നു പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ. സെമിനാരി സ്ഥാപനത്തിന് സി.എം.എസുകാർ റമ്പാനെ സഹായിച്ചു. പകലോമറ്റം കുടുംബവാഴ്ചയെ എതിർത്ത ആളായിരുന്നു തോഴിയൂർ മെത്രാൻ. മാർത്തോമ്മാ അഞ്ചാമന് എതിരെ നിൽക്കുവാൻ അക്കാലത്ത് ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാർ പട്ടംകൊടുത്ത ആളാണ് തോഴിയൂർ മെത്രാൻ. തോഴിയൂർ മെത്രാനിൽനിന്ന്

(ശേഷം പേജ് 5–ൽ)

# നിങ്ങൾക്കു സമാധാനം

ഡോ.പുന്നൂസ് യു.പാണൂർ

കർത്താവായ യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് സമാധാനം നൽകുന്നതിനാണ്. തന്റെ ജനനത്തിങ്കൽ ദൂതന്മാർ പാടി. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം (ലൂക്കാ 2:14) അതേ സമാധാനം തന്നെയാണ് ഇന്നും ക്രിസ്തു ലോകത്തിനു നൽകുന്നത്.

ഉയർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ആദ്യമായി ആശംസിച്ചത് സമാധാനമാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ ആദ്യ വചനങ്ങളായി സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് താഴെപ്പറയുന്ന വചനങ്ങളാണ്. നിങ്ങൾക്ക് വന്ദനം (മത്തായി 28:9), ഭയപ്പെടേണ്ട (മത്തായി 28:10), നിങ്ങൾക്കു സമാധാനം (ലൂക്കാ 24:36, യോഹ.20:19,20).

ഭയം നിറഞ്ഞിരുന്ന ശിഷ്യന്മാരെ യേശു ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നതു ഭയപ്പെടേണ്ട എന്നു പറഞ്ഞാണ്. ഇന്നും ക്രിസ്തു നമ്മുടെ കൂടെയിരുന്നു അതേ വചനങ്ങൾ പറഞ്ഞു നമുക്ക് ആശ്വാസം നൽകുന്നു. ഭയപ്പെടേണ്ട ലോകാവസാനത്തോളവും ഞാൻ നിങ്ങളോടുകൂടെയുണ്ട് (മത്തായി 28:20).

ഭയത്തിൽനിന്നുള്ള മോചനമാണ് നമുക്ക് ആവശ്യം. ദൈവം നമ്മുടെ കൂടെയുണ്ടെന്നുള്ള വിശ്വാസം നമ്മെ ധൈര്യപ്പെടുത്തുകയും ജീവിതത്തിൽ മുമ്പോട്ടുപോകുവാൻ പ്രചോദനം നൽകുകയും ചെയ്യും. എബ്രായർ 13:5-ൽ ഇപ്രകാരം ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല (സങ്കീ.118:6). യെശയ്യാവു 42:31-ൽ നാം വായിക്കുന്നു യഹോയവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

ഇന്നു ലോകത്തിനാവശ്യം സമാധാനമാണ്. പരസ്പര സ്നേഹവും കരുതലുമാണ് ഇന്നാവശ്യമായിരിക്കുന്നത്. ശാശ്വതമായ സമാധാനം യേശുക്രിസ്തുവിനു മാത്രമേ നൽകുവാൻ സാധിക്കൂ. രോഗവും കഷ്ടവും പീഡയും മരണവും ജീവിതത്തിന്റെ ഭാഗമാണെന്നു നാം അറിയണം. കർത്താവ് പറഞ്ഞു നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു (യോഹ.16:33). പ്രയാസങ്ങളും കഷ്ടതകളും നേരിടുമ്പോൾ കർത്താവ് നമ്മോടുകൂടെയുണ്ടെന്ന് അറിയണം. സങ്കീ.91:14,15-ൽ ദൈവത്തിന്റെ വാഗ്ദത്തം നാം വായിക്കുന്നു. അവൻ എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും. അവൻ എന്റെ നാമത്തെ അറിയുകയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും ഞാൻ അവന് ഉത്തരമരുളും. കഷ്ടകാലത്ത് ഞാൻ അവനോടുകൂടെയിരിക്കും, ഞാൻ അവനെ വിടുവിച്ച് മഹത്വപ്പെടുത്തും.

കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ പ്രബോധിപ്പിച്ചു. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും (മത്തായി 5:9). സമാധാനത്തിനായി നാം ആഗ്രഹിക്കുകയും സമാധാനം സ്ഥാപിക്കുവാൻ യത്നിക്കുകയുമാണ് വേണ്ടത്. നമ്മുടെ ജീവിതത്തിലും സഭയിലും സമൂഹത്തിലും അതാണാവശ്യം. അങ്ങനെ പ്രവർത്തിക്കുന്ന മനുഷ്യനെ എബ്രായരീതിയിൽ സമാധാനത്തിന്റെ പുത്രൻ എന്നായിരിക്കും പറയുക.

നമ്മുടെ ലക്ഷ്യം മനുഷ്യന്റെ അത്യുൽകൃഷ്ടമായ നന്മയായിരിക്കണം. സ്വന്തം ഹൃദയത്തിലും ആത്മാവിലും സമാധാനമുണ്ടാക്കിയവരെക്കുറിച്ചാണ് ഭാഗ്യവാന്മാർ അഥവാ അനുഗ്രഹീതർ എന്ന് പറയാവുന്നത്. മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും രഞ്ജിപ്പ് ആവശ്യമാണ്. അത് സാധിക്കുവാൻ യത്നിക്കുകയും നേടുകയും ചെയ്യുന്നവരാണ് ഭാഗ്യവാന്മാർ.

സമാധാനത്തിനുള്ള വഴി കർത്താവ് മത്തായി 5:44-45ൽ കാണിച്ചുതരുന്നുണ്ട്. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്ക, നിങ്ങളെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക. അങ്ങനെയാണു നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പുത്രന്മാരായിത്തീരുക.

നാം തമ്മിൽ തമ്മിൽ രമ്യതയും സമാധാനവുമുള്ളവരായിരിക്കണം എന്നാണു വി. കുർബ്ബാനയിലെ സമാധാനചുംബനം വഴി സൂചിപ്പിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ എന്നു പട്ടക്കാരൻ വി.കുർബ്ബാനയിൽ ഏഴുപ്രാവശ്യം ആശംസിക്കുന്നുണ്ട്. വി.കുർബ്ബാന സമാപിക്കുന്നതും നിങ്ങൾ സന്തോഷിച്ച് ആനന്ദിച്ച് സമാധാനത്തോടെ പോകുവിൻ എന്ന ആശംസയോടെയാണ്.

ആത്മാവിനെ അനുസരിച്ചു നടക്കുവാൻ വി.പൗലോസ് ശ്ലീഹാ ഉത്ബോധിപ്പിക്കുന്നു (ഗലാ.5:1). അങ്ങനെ നടക്കുമ്പോൾ ഉണ്ടാകുന്ന ഫലങ്ങളിലൊന്നാകുന്നു സമാധാനം. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാ.5:23).

ഭയരഹിതമായ സമാധാനം നിറഞ്ഞ ഒരു ജീവിതമാകുന്നു ക്രിസ്തു നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത്. നമുക്കും സഹോദരങ്ങളെ കാണുമ്പോൾ നിങ്ങൾക്കു സമാധാനം, ശ്ലോമോ, ഷാലോം എന്നു പറയാം. സലാം എന്നു മലയാളത്തിൽ പറയുന്നതും ഇതേ അർത്ഥത്തിൽതന്നെയാണ്. സമാധാനം ഉണ്ടാക്കുവാനും അതുവഴി ദൈവത്തിന്റെ പുത്രന്മാർ എന്ന പദവി നേടുവാനും ആയിരിക്കണം നാം ശ്രമിക്കേണ്ടത്.

**ഹരിപ്പാട് സെന്റ് തോമസ് ബാലഭവനിലേക്ക് പുതിയ കുട്ടികളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഗതികളും നിർദ്ധനരും അനാഥരുമായ 5 വയസ്സുമുതൽ 10 വയസ്സുവരെയുള്ള ആൺകുട്ടികളെയാണ് ബാലഭവനിൽ നിർത്തി പഠിപ്പിക്കുന്നത്. അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർ മെയ് 10-ാം തീയതിക്കു മുൻപായി അപേക്ഷ ബാലഭവൻ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അപേക്ഷാഫോറത്തിനും മറ്റ് വിവരങ്ങൾക്കും ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0479-2412764, 2139032**

# ആണ്ടിലക്ഷനും... പേജ് 3-ൽനിന്ന്

മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലിയിൽ സഭയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും കാര്യമായ പ്രാധാന്യം അർഹിക്കുന്ന ക്രിസ്തീയനിയമങ്ങളും കല്പനകളും സമൂഹത്തിൽ നിലനിർത്തണം. വെറും അപ്രധാന്യങ്ങളായ കീഴ്വഴക്കങ്ങളും ചട്ടങ്ങളും സമൂഹത്തിൽ നിർത്തലാക്കിയാൽ നല്ലത്. പ്രൊട്ടസ്റ്റന്റ് സഭയുടെ ജനയിതാവായ മഹാനായ ലൂഥർപോലും കുമ്പസാരത്തിന്റെ ആത്മീയ പ്രാധാന്യതയും സൈക്കോളജിക്കൽ ആവശ്യകതയും അനവരതം ഉദ്ഘോഷിച്ചിരുന്നു. ഈ ചുറ്റുപാടിൽ നമ്മുടെ വി.കുമ്പസാരത്തിന്റെ രീതിയിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്തി കുമ്പസാരം സഭയിൽ സ്വീകാര്യമാക്കണം. നിലവിലുള്ള രീതിയിൽ പോയാൽ വി.കുമ്പസാരം വെറും ഒരു വോട്ടുകുമ്പസാര പ്രഹസനമായി തീരും എന്നതിനും തെല്ലും സംശയം വേണ്ട.

# മലങ്കരസഭ ചരിത്രാവലോകനം... പേജ് 4-ൽനിന്ന്

പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ദീവന്നാസിയോസ് രണ്ടാമൻ എന്ന പേരിൽ പട്ടമേറ്റു. അദ്ദേഹത്തെ മലങ്കരസഭയുടെ മെത്രാനായി സർക്കാർ അംഗീകരിച്ചു. അതോടെ പകലോമറ്റം കുടുംബവാഴ്ചയ്ക്ക് അവസാനമുണ്ടായി. എങ്കിലും സഭയുടെ ഉള്ളിൽ ചില ഭിന്നതകൾ തലപൊക്കി. തോഴിയൂർ മെത്രാൻതന്നെ ദീവന്നാസിയോസ് മൂന്നാമനെയും (പുന്നത്ര), അതിനുശേഷം നാലാമനെയും (ചേപ്പാട് ദീവന്നാസിയോസ്) വാഴിച്ചു. ചേപ്പാട് ദീവന്നാസിയോസ് അധികാരം ഏറ്റെടുക്കുമ്പോഴേക്കും സി.എം.എസ്. മിഷണറിമാരുടെ പ്രവർത്തനം മലങ്കരസഭയിൽ കൂടുതൽ വ്യാപകമായി തീർന്നിരുന്നു.

പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ചുവടുപിടിച്ചുള്ള വിശ്വാസപരവും ആരാധനാപരവുമായ പരിഷ്ക്കാരങ്ങൾ സഭയുടെ എല്ലാ തലങ്ങളിലും നടപ്പിലാക്കുവാൻ സി.എം.എസുകാർ മലങ്കരസഭാനേതൃത്വത്തെ നിർബന്ധിച്ചു. ഇത് സി.എം.എസുകാരും മലങ്കരസഭാനേതൃത്വവും തമ്മിലുള്ള ബന്ധം വഷളാക്കി. സി.എം.എസ്. മിഷണറിമാർ മലങ്കരസഭയിലെ ആചാരാനുഷ്ഠാനങ്ങളിൽ ചില പരിഷ്ക്കാരങ്ങൾ നിർദ്ദേശിച്ചു. അത് പൂർണ്ണമായും നിരാകരിക്കണമെന്നുതന്നെയായിരുന്നു മലങ്കരസഭാനേതൃത്വത്തിന്റെ നിലപാട്. എന്നിരുന്നാലും അതിന് ഒരു ഔദ്യോഗിക പരിവേഷം നൽകുവാൻ മാവേലിക്കരയിൽ ഒരു സഭാസമ്മേളനം വിളിച്ചുകൂട്ടി.

1836-ലാണ് മാവേലിക്കര സുന്നഹദോസ് എന്നറിയപ്പെടുന്ന ഈ സമ്മേളനം നടന്നത്.ചേപ്പാട് ദീവന്നാസിയോസും അന്നത്തെ ആഞ്ഞൂർ (തോഴിയൂർ) മെത്രാനായിരുന്ന മാർ കൂറിലോസും അദ്ധ്യക്ഷത വഹിച്ച മാവേലിക്കര സുന്നഹദോസ് മലങ്കരസഭാ ചരിത്രത്തിലെ വേറൊരു വഴിത്തിരിവാണ്. മാവേലിക്കര സുന്നഹദോസ് അംഗീകരിച്ച പടിയോല വഴി മലങ്കരസഭ ഒദ്യോഗികമായി സി.എം.എസ്. ബന്ധം വിച്ഛേദിച്ചു. എന്നാൽ മലങ്കരസഭ അന്ത്യോഖ്യൻ സഭയുടെ ഭാഗമാണെന്നും പാത്രിയർക്കീസിന്റെ വാഴ്ചയ്ക്ക് കീഴ്പ്പെട്ടുനിൽക്കുന്ന സമൂഹമാണെന്നും സുന്നഹദോസ് പ്രഖ്യാപിച്ചു. ഇത് പിൽക്കാലത്ത് സഭയ്ക്ക് വിനയായി ഭവിച്ചു.

സി.എം.എസ്. മിഷണറിമാർ മലങ്കരസഭയുമായുള്ള ബന്ധം വിച്ഛേദിച്ചെങ്കിലും നവീകരണത്തെ അനുകൂലിക്കുന്ന ഒരു കക്ഷി മലങ്കരസഭയിലുണ്ടായി. പാലക്കുന്നത്ത് ഏബ്രഹാം മൽപാൻ അവർക്കു നേതൃത്വം നൽകി. അന്നു മലങ്കര മെത്രാപ്പോലീത്തയായിരുന്ന ചേപ്പാട്ട് മാർ ദീവന്നാസ്യോസ്, മല്പാനെയും കൂട്ടരേയും മുടക്കി. മല്പാൻ അദ്ദേഹത്തിന്റെ അനന്തരവനായ മാത്യൂസ് ശെമ്മാശനെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കലേക്ക് മെത്രാൻസ്ഥാനം പ്രാപിക്കുവാൻ അയച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്ന് മാത്യൂസ് മാർ അത്താനാസിയോസ് എന്ന പേരിൽ അദ്ദേഹം മെത്രാൻപട്ടമേറ്റു.

മലങ്കരസഭയിൽ ആദ്യമായി അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് പട്ടമേററയാൾ ഈ മാത്യൂസ് അത്താനാസ്യോസ് ആണ്. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മെത്രാൻപട്ടമേററയാൾക്കേ യഥാർത്ഥ പട്ടമുള്ളൂ, അയാൾക്ക് മാത്രമേ മലങ്കര മെത്രാനാകാനൊക്കുകയുള്ളൂ എന്നൊക്കെ പറഞ്ഞ് മാത്യൂസ് അത്താനാസ്യോസ് ഗവൺമെന്റിന്റെ പിന്തുണയോടെ മലങ്കര മെത്രാൻസ്ഥാനം പിടിച്ചെടുത്ത് ചേപ്പാട്ടു ദീവന്നാസിയോസിനോടും മററുമുള്ള പ്രതികാരം വീട്ടി. ഈ അവസരത്തിൽ നവീകരണത്തെ എതിർത്ത കക്ഷിയും പാത്രിയർക്കീസിനെ തന്നെ കൂട്ടുപിടിച്ചു. അവരുടെ നേതാവ് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുത്തുനിന്നു തന്നെ ഗത്യന്തരമില്ലാതെ സ്ഥാനമേററു. തന്നെയുമല്ല നവീകരണക്കാരെ തോല്പ്പിക്കുവാൻ വേണ്ടി, പാത്രിയർക്കീസിനാണ് മലങ്കര സഭയുടെ മേൽ എല്ലാ അധികാരവും ഉള്ളതെന്ന് ഒരളവുവരെ ദീവന്നാസ്യോസും സമ്മതിച്ചുകൊടുത്തു. എന്നിരുന്നാലും അത്താനാസിയോസ് മഹാശക്തിമാനായി തന്നെ വിലസി. (തുടരും)

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**മറിയാമ്മ ജോയി., ബൻസ്വാര, രാജസ്ഥാൻ**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**റോസമ്മ ജോൺ, ബൻസ്വാര, രാജസ്ഥാൻ**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ജോൺ വി.ജി., ബൻസ്വാര, രാജസ്ഥാൻ**

**Vol. 23 Issue 13**
**May 1**

**MALANKARA SABHA DEEPAM**
**P.B. 611, KOTTAYAM - 686001**
**Phone - 0481-2585499, Fax - 0481-2585499**

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2015-2017

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 07/2015-17

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

# മാൽമോയിലേക്കുള്ള വണ്ടി

സ്വീഡനിലെ മാൽമോയിലുള്ള വേൾഡ് മാരിടൈം യൂണിവേഴ്സിറ്റിയിൽ ഒരു പ്രഭാഷണത്തിനു പോവുകയായിരുന്നു ഞാൻ. ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹേഗനിൽ വിമാനമിറങ്ങി, അവിടെനിന്നും കോപ്പൻഹേഗൻ നഗരത്തിലെത്തി സ്വീഡനിലേക്ക് പോകുന്ന ട്രെയിനിൽ വേണം മാൽമോയിലേക്ക് പോകാൻ.

ജനീവയിൽനിന്നും രാവിലെ പതിനൊന്ന് മണിക്ക് തുടങ്ങിയ യാത്രയാണ്. യൂറോപ്പിനകത്തുള്ള യാത്രകളിൽ ഇപ്പോൾ വിമാനക്കമ്പനികൾ ഭക്ഷണമൊന്നും തരില്ല.

അതുകൊണ്ടുതന്നെ കോപ്പൻഹേഗനിലെത്തിയപ്പോൾ നല്ല വിശപ്പുണ്ട്. റെയിൽവേ സ്റ്റേഷനിൽ മക്ഡൊണാൾസിൽ ചെന്ന് ഒരു മുട്ടൻ സ്നാക്സ് ബോക്സ് വാങ്ങിയാണ് ഞാൻ ട്രെയിൻപിടിക്കാനെത്തിയത്.

സ്റ്റേഷനിൽ പതിവില്ലാത്ത തിരക്ക്. എന്റെയടുത്ത് വന്ന് ഭാഷയറിയാത്ത പലരും മാൽമോ ട്രെയിൻ എന്നു ചോദിക്കുന്നുണ്ട്. ഞാൻ യെസ് പറഞ്ഞു.

മാൽമോയ്ക്കുള്ള ട്രെയിൻ വന്നു. ഞാൻ അതിൽ കയറി ഇരിപ്പുറപ്പിച്ചു. മുൻപേ എന്റെ അടുത്തു വന്നു സംശയം ചോദിച്ചവരും കൂടെക്കയറി. അപ്പോഴാണ് ഞാനൊരുകാര്യം ശ്രദ്ധിച്ചത്. ശബ്ദശല്യമില്ലാതെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവരുടെ പ്രത്യേക കമ്പാർട്ടുമെന്റാണത്. ഇതിൽ സംസാരിക്കാനോ ഫോൺ ചെയ്യാനോ പാടില്ല. ഞാൻ ഒറ്റയ്ക്കായതിനാൽ അതൊരു പ്രശ്നമല്ല.

കോപ്പൻ ഹേഗനിൽനിന്നും മാൽമോക്ക് അധികം ദൂരമില്ല. കടലിനടിയിലൂടെ ഒരു തുരങ്കം. ഏറിയാൽ ഇരുപത് മിനിട്ട്. എന്റെ എതിർഭാഗത്തിരിക്കുന്നത് നാലു കുട്ടികളടങ്ങുന്ന ഒരു കുടുംബമാണ്. ഞാൻ സ്നാക്സ് ബോക്സ് തുറന്നതും കുട്ടികൾ എന്റെ നേരെ നോക്കി. പത്തിന് താഴെയാണ് എല്ലാ കുട്ടികളുടെയും പ്രായം. ഏറ്റവും ഇളയത് കഷ്ടിച്ച് രണ്ടുവയസ്സുള്ള ഒരു പെൺകുട്ടിയാണ്. അവൾ എണീറ്റ് എന്റെയടുത്ത് വന്ന് ഭക്ഷണത്തിന് കൈനീട്ടി.

ഇന്ത്യയിലാണെങ്കൽ മറ്റുള്ളവരുടെ കുട്ടികളോട് അടുപ്പം കാണിക്കുന്നതും അവരുമായി ഭക്ഷണം പങ്കുവെയ്ക്കുന്നതും സാധാരണമാണ്. എന്നാൽ യൂറോപ്പിൽ ഇത് പതിവില്ല. അതുകൊണ്ടുതന്നെ എനിക്കു മനസ്സിലായി ഇത് യൂറോപ്പിൽനിന്നുള്ള കുടുംബമല്ലെന്ന്. അപ്പോഴാണ് ഞാൻ സിറിയായിൽനിന്നുള്ള അഭയാർത്ഥി പ്രവാഹത്തെപ്പറ്റി ടിവിയിൽ കണ്ട വാർത്ത ഓർമ്മ വന്നത്. പെട്ടന്നുതന്നെ എനിക്ക് ചിത്രം വ്യക്തമായി. സിറിയയിൽനിന്നും അഭയാർത്ഥികൾ യൂറോപ്പിലേക്ക് വൻതോതിൽ കുടിയേറുന്ന സമയമാണ്.

അവരാണ് ഭാഷ അറിയാതെ എന്റെ അടുത്ത് മാൽമോ എന്ന് ചോദിച്ചത്. ആ കുട്ടികളാണ് എന്റെ മുന്നിലിരിക്കുന്നത്.

യുദ്ധവും തീവ്രവാദവും കാരണം പൊറുതിമുട്ടിയ സിറിയയിൽനിന്നും ഉള്ളതെല്ലാം ഇട്ടെറിഞ്ഞാണ് ആളുകൾ ഓടിപ്പോരുന്നത്. ലക്ഷക്കണക്കിനു രൂപാ മനുഷ്യക്കടത്തുകാർക്ക് കൈക്കൂലി കൊടുത്താൽ അവർ പഴഞ്ചൻ കപ്പലിലും ബോട്ടിലും ഒക്കെ മധ്യധരണ്യാഴി കടത്തി ഇറ്റലിയുടെ തീരത്ത് എത്തിക്കും. അല്ലെങ്കിൽ തുർക്കിയിലൂടെ നടത്തി ജർമ്മനിയുടെ അതിർത്തിയിൽ എത്തിക്കും. ദുർഘടയാത്രയായതിനാൽ ഒരു ചെറിയ ബാഗല്ലാതെ ഒന്നും എടുക്കാൻ പറ്റില്ല. കയ്യിൽ പണം ഉണ്ടെങ്കിൽ അതെല്ലാം മനുഷ്യക്കടത്തുകാർ അടിച്ചുമാറ്റും. യാത്രക്കിടയിൽ ബോട്ടുമുങ്ങിയും ഒക്കെ ഏറെപേർ മരിക്കും. ബാക്കിയുള്ളവരാണ് കരയിൽ എത്തിപ്പറ്റുന്നത്. അവർ യൂറോപ്പിൽ ഓരോ രാജ്യങ്ങളിലേക്ക് പോകുകയാണ്. സ്വീഡൻ അഭയാർത്ഥികളെ നന്നായി സംരക്ഷിക്കും എന്ന് പ്രശസ്തി ഉണ്ട്. അതാണവർ മാൽമോയിലേക്ക് പോകാൻ നോക്കുന്നത്.

ഒന്നുകൂടി ഉറപ്പുവരുത്താനായി ഞാൻ അമ്മയോട് ചോദിച്ചു.

സിറിയ

അതെ അച്ഛൻ പറഞ്ഞു. ഞാനവിടെ അദ്ധ്യാപകനായിരുന്നു. ഭാര്യ ഡോക്ടറും. തീവ്രവാദം കാരണം നാടുവിട്ടതാണ്.

എത്രനേരമായി കുട്ടികൾ ഭക്ഷണം കഴിച്ചിട്ട് എന്ന് ഞാൻ ചോദിച്ചില്ല. പക്ഷെ അമ്മയോട് ഞാൻ ചോദിച്ചു ഞാനിത് കുട്ടികൾക്ക് കൊടുത്തോട്ടെ.

ഇത് ഹലാൽ ആണോ അമ്മ ചോദിച്ചു.

സത്യത്തിൽ അത് ഹലാലാണോ എന്നെനിക്കറിയില്ല. പക്ഷെ വിശന്നിരിക്കുന്ന ആ കുട്ടികൾ എന്ത് ഭക്ഷണം കഴിച്ചാലും അവരോട് ദൈവം പൊറുക്കുമെന്ന് എനിക്കുറപ്പുണ്ട്. ഹലാൽ എന്നു പറഞ്ഞ് ആ വലിയ സ്നാക്സ് ബോക്സ് ഞാനാ കുട്ടികൾക്ക് കൊടുത്തു.

കമ്പാർട്ട്മെന്റിൽ അവരുടെ കുട്ടികളെകൂടാതെ ആകെ ഇരുപതോളം കുട്ടികളുണ്ട്. എന്റെ സ്നാക്സ് ബോക്സിൽ കുറച്ച് ചെറിയ കഷണം ചിക്കനും ചെമ്മീനും ഒക്കെയാണ്. ആ അമ്മ ഞാൻ കൊടുത്ത പൊതിയിലെ ഭക്ഷണം എല്ലാവർക്കുമായി പകുത്തുകൊടുത്തു. എന്റെ ചെറുപ്പത്തിൽ ഒരു മുട്ട പത്തായി മുറിച്ച് എല്ലാവർക്കുമായി പങ്കുവെച്ചിരുന്ന അമ്മയെ ഞാനോർത്തു.

സ്വന്തം രാജ്യത്തുനിന്ന് ഓടിപ്പോരേണ്ടിവരിക എന്നത് എത്ര ദുഃഖകരമാണ്. നാലായിരം വർഷത്തെ സാംസ്ക്കാരിക പാരമ്പര്യമുള്ള നാടാണ് സിറിയ. പത്തു വർഷം മുൻപ് വരെ നമ്മളെക്കാളും സാമ്പത്തികസ്ഥിതിയും വിദ്യാഭ്യാസ അവസരങ്ങളുമുണ്ടായിരുന്ന രാജ്യം. അവിടെ ഡോക്ടറായിരുന്ന അമ്മയ്ക്കും അദ്ധ്യാപകനായിരുന്ന അച്ഛനുമാണ് ഭാഷ അറിയാത്ത അന്യ രാജ്യത്ത് ഒരു അപരിചിതന്റെ മുൻപിൽ കുട്ടികൾ വിശന്ന് കൈനീട്ടുന്നത് കാണേണ്ടിവന്നത്.

ഈ ലോകത്ത് നാം എവിടെയാണെങ്കിലും നമ്മളെല്ലാം അഭയാർത്ഥികളായി എത്തിയവരാണ്. ഏതുകാലത്ത് എവിടെനിന്ന്, എന്തുകൊണ്ട്, എങ്ങോട്ടോടി എന്നു മാത്രം നോക്കിയാൽ മതി. യുദ്ധം, ദുരന്തം, തീവ്രവാദം, വർഗീയ വിദ്വേഷത്തിൽനിന്നും രക്ഷപെടൽ, ഇങ്ങനെ കാരണം പലതാകാം. നൂറുവർഷമായില്ല യൂറോപ്പിലെ ആളുകൾ നാലുപാടും ഓടിയിട്ട്.

ഈ തലമുറയിൽ യുദ്ധംമൂലമോ ദുരന്തം മൂലമോ നാടുവിട്ട് ഓടിപ്പോകേണ്ടിവരുന്നില്ല എന്നത് നമ്മുടെ മിടുക്കല്ല. ഭാഗ്യമാണ്. അതുകൊണ്ടുതന്നെ ഒരുനാട്ടിൽനിന്നും മറുനാട്ടിൽ എത്തുന്നവരെ ആരെയും സന്തോഷത്തോടെയും ബഹുമാനത്തോടെയും വേണം നമ്മൾ സ്വീകരിക്കാൻ. അവരുടെ ആത്മാഭിമാനം മുറിപ്പെടുന്ന ഒന്നും നമ്മൾ ചെയ്യാൻ പാടില്ല.

അവർക്ക് കുറച്ചുകൂടി സഹായം ചെയ്യണം എന്നുണ്ട്. പക്ഷെ ഏറെ അഭിമാനമുള്ള നാട്ടുകാർ ആണ്, നല്ലനിലയിൽ ജീവിച്ചവരും. നേരിട്ട് പണം കൊടുത്താൽ അവർക്കത് കുറച്ചിലാകും. മാൽമോയിൽ എത്താൻ കുറച്ചു സമയമേ ഉള്ളു. ഞാൻ ഇരുപത് കൊല്ലം മുൻപ് സിറിയയിൽ ചെന്ന കഥ, അവിടുത്തെ അതിശയകരമായ സംസ്ക്കാരത്തിന്റെ അറിവ്, ആ നാട്ടുകാരുടെ ആതിഥ്യമര്യാദയുടെ ഓർമ്മ എല്ലാം അവരുമായി പങ്കുവെച്ചു. അവരെ പാവപ്പെട്ട അഭയാർത്ഥികളായിട്ടല്ല, അവരുടേതല്ലാത്ത കുറ്റത്തിൽ കുഴപ്പത്തിൽപ്പെട്ട ഒരു വലിയ സംസ്ക്കാരത്തിന്റെ പ്രതിനിധികളായിട്ടാണ് ഞാൻ കാണുന്നതെന്ന് അവർക്ക് വ്യക്തമായി. എന്റെ കയ്യിലുണ്ടായിരുന്ന പണം മുഴുവൻ ആ അദ്ധ്യാപകന്റെ കയ്യിൽവെച്ചുകൊടുത്തിട്ട് കുട്ടികളെ ഒന്നു കെട്ടിപ്പിടിച്ചിട്ടാണ് ഞാൻ മാർമോയിൽ തീവണ്ടിയിറങ്ങിയത്. ലോകത്ത് എനിക്കും, മറ്റൊരച്ഛനും ഈ ഗതി വരല്ലേ എന്ന ചിന്തയോടെ.

ഈസ്റ്റർദിനത്തിൽ Muralee Thummarukudy എഴുതിയ ഹൃദയസ്പർശിയായ ഈ അനുഭവക്കുറിപ്പിനേക്കാൾ മികച്ച മറ്റൊന്ന് പങ്കുവെയ്ക്കാനില്ല.

കുട്ടികൾക്കിവേണ്ടി എഴുതിയ ഒരു യാത്രാനുഭവം

# ആദ്യഫലപ്പെരുന്നാൾ ആഘോഷിച്ചു

കുവൈറ്റ് സിറ്റി : സെന്റ് ബേസിൽ ഓർത്തഡോക്സ് ഇടവകയിലെ ആദ്യഫല പെരുന്നാൾ ഇന്ത്യൻ എംബസി സെക്കന്റ് സെക്രട്ടറി യു.എസ്.സിബി ഉദ്ഘാടനം ചെയ്തു. വികാരി ഫാ.ഷാജി പി.ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. ചില്ലിട്ടുവെച്ച മാതാവിനെ സ്നേഹിക്കുന്നതിനേക്കാൾ ജീവനുള്ള അമ്മയെ സ്നേഹിക്കാൻ പഠിക്കണമെന്ന് സമ്മേളനത്തിൽ പ്രസംഗിച്ച വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ ആഹ്വാനം ചെയ്തു. ദൈവത്തെ മാത്രം മനസ്സിൽ കണ്ടാൽ പോര, ചുറ്റുമുള്ള മനുഷ്യരെയും കാണണം. എങ്കിൽ മാത്രമേ ജീവിതം സഫലമാകൂ. പുതിയ തലമുറയിലെ കുട്ടികൾ പ്രശ്നങ്ങളെ അതിജീവിക്കാൻ കരുത്തില്ലാത്തവരായാണ് വളരുന്നത്. അതു മാറ്റിയെടുക്കാൻ ചിലപ്പോൾ അല്പം പരുക്കനായി ഇടപെടേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹായിടവക വികാരി റവ.തോമസ് റമ്പാൻ, സഹവികാരി ഫാ.ജേക്കബ് തോമസ്, അഹമ്മദി സെന്റ് തോമസ് ഓർത്തഡോക്സ് പഴയപള്ളി വികാരി ഫാ. അനിൽ വർഗീസ്, ഫാ.മാത്യു കൊല്ലമല, ഹാർവെസ്റ്റ് ഫെസ്റ്റിവൽ ജനറൽ കൺവീനർ രാജീവ് വഞ്ചിപ്പാലം, സഭാമാനേജിംഗ് കമ്മിറ്റി അംഗം ബാബു വർഗീസ്, ജോബിൻ തോമസ് ജോൺ, ക്രിസ്റ്റി ദാനിയേൽ, അനിൽ ജോർജ്, ബിനീഷ് കുര്യൻ എന്നിവർ പ്രസംഗിച്ചു.

സുവനീർ പ്രകാശനം, ഒസിവൈഎം പ്രവർത്തനോദ്ഘാടനം, ഫാ.ഡോ.എം.ഒ. ജോണിനും, അഡ്വ.ബിജു ഉമ്മനും സ്വീകരണം, കലാപരിപാടികൾ എന്നിവയും നടത്തി.

# സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം : ഡോ.ഗീവർഗീസ് മാർ യൂലിയോസ്

ദുബായ് : സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണെന്നു ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഐക്യവേദിയായ കേരളാ കൗൺസിൽ ഓഫ് ചർച്ച്സ് ഗൾഫ് സോണിന്റെയും ദുബായ് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സംഘടിപ്പിച്ച ബോണാ ക്യംതാ ഈസ്റ്റർ സംഗമവും മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി ആഘോഷവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മാർ യൂലിയോസ്. അസമാധാനം നിറഞ്ഞ കാലഘട്ടത്തിൽ സമാധാനവും പ്രത്യാശയും നൽകുന്നതാണ് ഈസ്റ്ററെന്നും പുനരുത്ഥാനത്തിന്റെ ശക്തിയിൽ ദൈവത്തെ ആശ്രയിച്ചു മുന്നേറുവാൻ ക്രൈസ്തവ സഭകൾക്ക് കഴിയട്ടെ എന്നും അദ്ദേഹം ആസംസിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ യുഗപുരുഷനായി ഭാരതസഭയ്ക്ക് ലഭിച്ച വരദാനമാണ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായെന്നും മാർ യൂലിയോസ് പറഞ്ഞു. അലക്സന്ത്രയോസ് മാർ തോമസ് മെത്രാപ്പോലീത്താ ഈസ്റ്റർ സന്ദേശം നൽകി.

# ബസ്ക്യാമ്മ അസോസിയേഷൻ വാർഷിക സമ്മേളനം

പരുമല : അഖില മലങ്കര ഓർത്തഡോക്സ് ബസ്ക്യാമ്മ അസോസിയേഷന്റെ 39-ാമത് വാർഷിക സമ്മേളനം പരുമലയിൽ നടന്നു. കൂടെ വസിക്കുന്ന ദൈവം എന്നതായിരുന്നു പ്രധാന ചിന്താവിഷയം. വൈസ് പ്രസിഡന്റ് ഫാ. ശാമുവൽ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടെവസിക്കുന്ന ദൈവത്തെ സമൂഹത്തിന് സാക്ഷ്യപ്പെടുത്തിക്കൊടുക്കുവാൻ ബസ്ക്യാമ്മമാർക്ക് സാധിക്കണം എന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. സഭാ വൈദികട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ മുഖ്യപ്രഭാഷണം നടത്തി. വെരി.റവ.ജോർജ് മാത്യു കോർഎപ്പിസ്കോപ്പാ, വെരി.റവ.എ.ജി.ജോസഫ് റമ്പാൻ, പരുമല സെമിനാരി മാനേജർ ഫാ.എം.സി.കുറിയാക്കോസ്, ഫാ.വർഗീസ് മാത്യു, ഫാ.ബിജു റ്റി മാത്യു, ബേബിക്കുട്ടി തരകൻ, സാറാമ്മ കുറിയാക്കോസ്, മെർലിൻ മേരി മാത്യു, അലക്സ് കെ.പോൾ, ജനറൽ സെക്രട്ടറി ജെസി വർഗീസ് എന്നിവർ പ്രസംഗിച്ചു. സമാപന സമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി. ഫാ.ജോജി കെ.ജോയി, അത്മായട്രസ്റ്റി ജോർജ് പോൾ എന്നിവർ സംബന്ധിച്ചു.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**